05.05.2025
RNI. No. KERMAL/2002/09730
Pages 8
Rs. 10.00 per copy

www.sdpathram.com

# സ്വർഗീയധ്വനി
ക്രിസ്തീയ പത്രം

Vol. 26
Issue 8 & 9

## കോടതി വ്യവഹാരങ്ങൾ തുടർക്കഥയാകുന്നു

# ഐ.പി.സി. കർണ്ണാടക സ്റ്റേറ്റ് തെരഞ്ഞെടുപ്പിന് താൽക്കാലിക നിരോധനം

**കുമ്പനാട്:** ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭയുടെ വിവിധ സ്റ്റേറ്റുകളുടെയും സെന്ററുകളുടെയും പ്രവർത്തനങ്ങൾക്ക് പ്രതിസന്ധി സൃഷ്ടിച്ചുകൊണ്ട് കോടതി വ്യവഹാരങ്ങൾ വർദ്ധിച്ചു വരുന്നു.

കേരളാ സ്റ്റേറ്റിന് പിന്നാലെ ഐപിസി കർണാടകാ സ്റ്റേറ്റ് കൗൺസിലിന്റെ പ്രവർത്തനങ്ങളും കേസുമൂലം തടസപ്പെട്ടിരിക്കുകയാണ്. കഴിഞ്ഞ മെയ് 1 ന് സ്റ്റേറ്റ് കൗൺസിൽ ഭാരവാഹികളുടെയും അംഗങ്ങളുടെയും തെരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള നടപടി ക്രമങ്ങൾ പൂർത്തിയാക്കിയിരുന്നു. എന്നാൽ വൈസ് പ്രസിഡന്റായി നാമനിർദ്ദേശ പത്രിക സമർപ്പിച്ച പാസ്റ്റർ സി.പി. സാമിന്റെ പത്രിക തള്ളിയതിനെതിരെ അദ്ദേഹം ബാംഗ്ലൂർ സിറ്റി സെക്ഷൻ കോടതിയെ സമീപിച്ചതിനെ തുടർന്ന് തെരഞ്ഞെടുപ്പ് നടപടികൾ കോടതി താൽക്കാലികമായി മരവിപ്പിച്ചിരിക്കുകയാണ്. ഇലക്ഷൻ കമ്മീഷണറുടെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ കർണാടക സ്റ്റേറ്റ് പ്രവർത്തനങ്ങൾക്ക് അഡ്ഹോക്ക് കമ്മിറ്റിയെ നിയമിച്ചിരിക്കുകയാണ്.

ഐപിസി ജനറൽ പ്രസിഡന്റ് പാസ്റ്റർ വത്സൻ ഏബ്രഹാം നിയോഗിച്ച കമ്മിറ്റിയിൽ ഐപിസി ജനറൽ ജോ. സെക്രട്ടറി ഡോ. വർക്കി കാച്ചാണത്ത് ചെയർമാനായും പാസ്റ്റർമാരായ കെ.പി. കുര്യൻ, ടി.ഡി. തോമസ്, കെ.എസ്. ജോസഫ്, ജോസ് മാത്യു, വർഗീസ് ഫിലിപ്പ്, കെ.വി. ജോസ്, വർഗീസ് മാത്യു, പി.പി. ജോസഫ്, സഹോദരന്മാരായ ജോയി പാപ്പച്ചൻ, പി.ഒ. ശാമുവേൽ എന്നിവർ അംഗങ്ങളുമാണ്.

ഇതിനിടയിൽ ഐപിസി കേരളാസ്റ്റേറ്റിനെ വിഭജിച്ചുകൊണ്ടുള്ള ജനറൽ കൗൺസിലിന്റെ തീരുമാനം കേരളാ ഹൈക്കോടതി രണ്ട് മാസത്തേക്ക് സ്റ്റേ ചെയ്തിരിക്കുകയാണ്. സ്റ്റേറ്റ് കൗൺസിൽ അംഗങ്ങളായ ബിനു വി. ജോർജ്, ജോജി ഐപ് മാത്യു, ഡേവിഡ് സാം, ജോബി ഏബ്രഹാം എന്നിവരാണ് ഹൈക്കോടതിയെ സമീപിച്ചത്. ജൂൺ 15 വരെയാണ് കോടതി നിരോധനം ഏർപ്പെടുത്തിയിരിക്കുന്നത്. തുടർന്ന് നിരോധനോത്തരവ് കോടതി നീട്ടാത്ത പക്ഷം ജനറൽ കൗൺസിൽ തുടർ നടപടികൾ സ്വീകരിച്ചേക്കും. കാലാവധി പൂർത്തിയാക്കിയ കേരളാ സ്റ്റേറ്റ് കൗൺസിലിന്റെ തെരഞ്ഞെടുപ്പ് നടപടികൾ ആരംഭിക്കാൻ കൗൺസിൽ വിളിച്ചു കൂട്ടുന്നതിന് നോട്ടീസ് ഇട്ടെങ്കിലും വിഭജനം സംബന്ധിച്ച നടപടികൾ പൂർത്തിയാകാതെ തെരഞ്ഞെടുപ്പ് നടത്തുന്നതിന് ജനറൽ കൗൺസിൽ വിലക്ക് ഏർപ്പെടുത്തിയിരിക്കുകയാണ്.

കൂടാതെ ഐപിസി കൊട്ടാരക്കര സെന്റർ ഏപ്രിൽ 19 ന് നടത്താനിരുന്ന ജനറൽബോഡി കോടതി ഉത്തരവിനെ തുടർന്ന് മാറ്റി വച്ചിരിക്കുകയാണ്. 2022 ലെ ഭരണഘടനപ്രകാരം തെരഞ്ഞെടുപ്പ് നടത്തുന്നതിനെതിരെ സെന്റർ ജോ. സെക്രട്ടറിയും കൊട്ടാരക്കര ബേർശേബാ സഭാംഗവുമായ മാത്യു സാം നൽകിയ ഹർജി പരിഗണിച്ചാണ് കൊല്ലം ജില്ലാ അവധിക്കാല കോടതി നിരോധനം ഏർപ്പെടുത്തിയത്. 2002 ലെ സമ്മേളന പ്രകാരം സെന്റർ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് നടത്തണമെന്നാണ് ഹർജിക്കാരന്റെ ആവശ്യം. എന്തായാലും നിരന്തരമുണ്ടാകുന്ന കോടതി ഉത്തരവുകൾ സഭയുടെ സുഗമമായ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചിരിക്കുകയാണ്.

# എ.ജി ഇന്ത്യ കോൺഫറൻസ് ജൂൺ 10 മുതൽ ബാംഗ്ലൂരിൽ



**ചെന്നൈ:** അസംബ്ലീസ് ഓഫ് ഗോഡ് - ഇന്ത്യ കോൺഫറൻസ് ജൂൺ 10-12 വരെ ബാംഗ്ലൂരിൽ നടക്കും. സുപ്രണ്ട് തിരഞ്ഞെടുപ്പിലേക്ക് മത്സരിക്കുവാൻ സൗത്ത് ഇന്ത്യയിൽ നിന്ന് ഡോ. വി.റ്റി എബ്രഹാം, ഡോ. കെ.ജെ. മാത്യു, റവ. ഏബ്രഹാം തോമസ് എന്നിവർ നോമിനേഷൻ ബാലറ്റിലൂടെ തെരഞ്ഞെടുക്കപ്പെട്ടു. നിലവിലുള്ള ജനറൽ സൂപ്രണ്ടും പ്രഭാഷകനുമായ റവ. പോൾ തങ്കയ്യ എസ്ഐഎജി പ്രതിനിധിയായി തെരഞ്ഞെടുക്കപ്പെട്ടില്ല. മൂന്ന് പേർക്ക് മാത്രമേ ഒരു റീജിയനിൽ നിന്നും തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയാകാൻ കഴിയുകയുള്ളു.

എസ്.ഐ.ഏ.ജി സൂപ്രണ്ടാണ് റവ. ഏബ്രഹാം തോമസ്. നിലവിൽ എസ്.ഐ.ഏ.ജി സെക്രട്ടറിയാണ് റവ. ഡോ. കെ.ജെ. മാത്യു. എസ്.ഐ.ഏ.ജി മുൻ സുപ്രണ്ടും, നിലവിൽ മലബാർ ഡിസ്ട്രിക്ട് കൗൺസിൽ സുപ്രണ്ടുമാണ് റവ. ഡോ. വി.റ്റി. എബ്രഹാം. അസംബ്ലീസ് ഓഫ് ഗോഡ് - ഇന്ത്യയുടെ 3 റീജിയണൽ (സൗത്ത് ഇന്ത്യ, നോർത്ത് ഇന്ത്യ, ഈസ്റ്റ് ഇന്ത്യ) നിന്നും തെരഞ്ഞെടുക്കപെടുന്ന 3 പേർ വീതം മൊത്തം 9 പേർ ആയിരിക്കും ഏ.ജി. ഇന്ത്യ സുപ്രണ്ട്, സെക്രട്ടറി, ട്രഷറർ സ്ഥാനങ്ങളിലേക്ക് മത്സരിക്കുന്നത്.

# എജി ഫാമിലികോൺഫറൻസ് ടൊറന്റോയിൽ ജൂലൈ 24 മുതൽ



**ടൊറന്റോ:** അമേരിക്കയിലെ ഇന്ത്യൻ സമൂഹത്തിന്റെ) ഫാമിലി കോൺഫറൻസ് ജൂലൈ 24-27 ഞായർ വരെ ടൊറന്റോ പട്ടണത്തിൽ ഡൽറ്റ ഹോട്ടലിൽ (By Marriott at Airport & Conference Centre) നടക്കും. ഈ സമ്മേളനത്തിൽ പങ്കെടുക്കാൻ താഴെയുള്ള ലിങ്കിൽ രജിസ്റ്റർ ചെയ്യാം. www.agifna2025.com. Empowered life in Word and Spirit (Mathew 22:29) എന്നതാണ് തീം. കോൺഫറൻസിനോടനുബന്ധിച്ച് ഇംഗ്ലീഷ്, മലയാളം, യൂത്ത്, വ്യുമൺ, കിഡ്സ് എന്നിവർക്കുള്ള സെഷനുകൾ ഒരുക്കിയിട്ടുണ്ട്.

റവ. ടി.ജെ ശാമുവേൽ, റവ. ടോണി, റവ. ഷാജി എം. പോൾ, ഡോ. സണ്ണി പ്രസാദ്, ഡോ. എയ്ഞ്ചൽ സ്റ്റീഫൻ ലിയോ എന്നിവർ മുഖ്യ പ്രസംഗകരായിരിക്കും. ഡോ. ടോം ഫിലിപ്പ് തോമസ്, ജസ്റ്റസ് ടാംസ് എന്നിവർ ഗാനശുശ്രൂഷകൾക്ക് നേതൃത്വം നല്കും.

# പിസിഐ ദേശീയ സമിതിക്ക് നവനേതൃത്വം:

## പ്രസിഡന്റ് പാസ്റ്റർ ജെ.ജോസഫ്, ജനറൽ സെക്രട്ടറി ജോജി ഐപ് മാത്യൂസ്



**തിരുവല്ല:** ഭാരതത്തിലെ പെന്തക്കോസ്ത് ഐക്യ പ്രവർത്തനങ്ങളുടെ പൊതുവേദിയായ പെന്തക്കോസ്തൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ ദേശീയ പ്രസിഡന്റായി പാസ്റ്റർ ജെ.ജോസഫും ജനറൽ സെക്രട്ടറിയായി ജോജി ഐപ് മാത്യൂസും തിരഞ്ഞെടുക്കപ്പെട്ടു. ജിനു വർഗീസ് പത്തനാപുരം ആണ് ട്രഷറർ.

ദേശീയ ജനറൽബോഡിയിലാണ് പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തത്. മുളക്കുഴ ആസ്ഥാനമായ ചർച്ച് ഓഫ് ഗോഡിന്റെ സ്റ്റേറ്റ് സെക്രട്ടറിയായും പിസിഐയുടെ ദേശീയ വൈസ് പ്രസിഡന്റായും പാസ്റ്റർ ജെ.ജോസഫ് സേവനം ചെയ്തിട്ടുണ്ട്. പിസിഐയുടെ ജനറൽ സെക്രട്ടറി ആയിരുന്നു. ഇപ്പോൾ സഭയുടെ പിആർഒ ആണ്. മാധ്യമ പ്രവർത്തകനും ഐപിസി സഭാ കൗൺസിൽ അംഗവും സഭയുടെ സംസ്ഥാന പബ്ലിക്കേഷൻ ബോർഡ് ചെയർമാനുമാണ് ജോജി ഐപ് മാത്യൂസ്. പിവൈപിഎ സംസ്ഥാന ആക്ടിങ്ങ് പ്രസിഡന്റും പിസിഐ ദേശീയ എക്സിക്യൂട്ടീവ് അംഗവുമായിരുന്നു. എജി സഭയുടെ യുവജന വിഭാഗമായ സിഎയുടെ കേരള ട്രഷറർ ആയിരുന്നു ജിനു വർഗീസ്.

മറ്റു ഭാരവാഹികൾ - വൈസ് പ്രസിഡന്റുമാർ: പാസ്റ്റർ വൈ.യോഹന്നാൻ ജയ്പൂര് (ബെഥേൽ ഫെലോഷിപ്പ് ചർച്ച്), സാം ഏബ്രഹാം കലമണ്ണിൽ (മൗണ്ട് സീയോൻ വൈസ് ചെയർമാൻ), പാസ്റ്റർ ഫിലിപ് ഏബ്രഹാം (ശാരോൻ ഫെലോഷിപ് ചർച്ച് ഇവാഞ്ചലിസം ബോർഡ് ഡയറക്ടർ), സെക്രട്ടറിമാർ: ബിജു വർഗീസ് (എറണാകുളം എജി), ബെന്നി കൊച്ചുവടക്കേൽ (മല്ലപ്പള്ളി ഐപിസി), പാസ്റ്റർ ലിജോ കെ.ജോസഫ് (ന്യൂ ഇന്ത്യ ദൈവസഭ കൊല്ലം സെന്റർ പാസ്റ്റർ), പാസ്റ്റർ റോയ്സൺ

(ശേഷം പേജ് 7)

# ഐ.പി.സി ഫാമിലി കോൺഫ്രൻസ്; ഒരുക്കങ്ങൾ പുരോഗമിക്കുന്നു



**ന്യൂയോർക്ക്:** വടക്കേ അമേരിക്കയിലെ ഐ.പി.സി. സഭകളുടെ 20- മത് കുടുംബ സംഗമത്തിൽ വചന സന്ദേശങ്ങൾ പകർന്നു നൽകാൻ പ്രശസ്തരും കൺവെൻഷൻ പ്രഭാഷകരുമായ പാസ്റ്റർ കെ. ജെ തോമസ് കുമളി, പാസ്റ്റർ പി.ടി തോമസ്, പാസ്റ്റർ നിരൂപ് അൽഫോൻസ്, സിസ്റ്റർ അക്സാ പീറ്റേഴ്സൺ എന്നിവർ എത്തിച്ചേരും. 'ഇതാ അവിടുന്ന് വാതിൽക്കൽ' എന്ന കൺവെൻഷൻ ചിന്താവിഷയത്തെ അടിസ്ഥാനമാക്കി അനുഗ്രഹീത പ്രഭാഷകർ ദൈവവചനം പ്രസംഗിക്കും.

നോർത്ത് അമേരിക്കയിലും, കാനഡയിലും ചിതറി പാർക്കുന്ന ഇൻഡ്യാ പെന്തക്കോസ്ത് ദൈവസഭയുടെ അംഗങ്ങളും, കോൺഫ്രൻസ് അഭ്യുദയകാംക്ഷികളുമായി നിരവധി പേർ പങ്കെടുക്കുന്ന ചതുർദിന സമ്മേളനം ജൂലൈ 17-20 വരെ കാനഡയിലെ എഡ്മന്റണിലുള്ള റിവർക്രീ റിസോർട്ടിൽ വെച്ചാണ് നടക്കുന്നത്. ഒരുക്കത്തോടെ കടന്നുവരുന്ന ദൈവമക്കൾക്ക് പ്രത്യാശയ്ക്ക് ഒട്ടും മങ്ങലേൽക്കാതെ ആരാധനയ്ക്ക് പ്രാധാന്യം കൊടുത്ത്, ആത്മനിറവിൽ ആരാധിക്കുവാൻ സാധിക്കുന്ന ഗാനങ്ങളുമായി ഷെൽഡൻ ബെങ്കാര നയിക്കുന്ന പ്രെയ്സ് ആൻഡ് വർഷിപ്പ് ടീം ഗാന ശുശ്രൂഷകൾക്ക് നേതൃത്വം നൽകും. ദൈവജനത്തെ പല നിലകളിലും പ്രത്യാശയോടെ ഒരുക്കുന്ന ഈ മഹാസമ്മേളനം വിശ്വാസികളുടെയും ശുശ്രൂഷകളുടെയും പങ്കാളിത്തം കൊണ്ട് വൻ വിജയമാകുമെന്ന പ്രതീക്ഷയിലാണ് ഭാരവാഹികൾ. വ്യത്യസ്തമായ പ്രോഗ്രാമുകൾ, മികച്ച നിലയിലുള്ള താമസ സൗകര്യങ്ങൾ തുടങ്ങിയവ കുറ്റമറ്റ രീതിയിൽ ക്രമീകരിക്കുന്നതിനായി നാഷണൽ ലോക്കൽ കമ്മിറ്റികൾ അഹോരാത്രം പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു.

ഹൂസ്റ്റണിൽ നിന്നുമുള്ള വിശ്വാസ സമൂഹത്തെ പങ്കെടുപ്പിച്ചു കൊണ്ട് പ്രമോഷണൽ യോഗവും സംഗീതസന്ധ്യയും ഏപ്രിൽ 20 ഞായറാഴ്ച വൈകിട്ട് 5.30 ന് ഹൂസ്റ്റൺ ഹെബ്രോൻ ഐ.പി.സി സഭാ ഹാളിൽ വച്ച് നടന്നു. ഐ.പി.സി യുവജന വിഭാഗം സംസ്ഥാന പ്രസിഡന്റ് പാസ്റ്റർ ഷിബിൻ സാമുവൽ മുഖ്യ പ്രഭാഷണം നടത്തി. കോൺഫ്രൻസ് ദേശീയ ഭാരവാഹികളായ പാസ്റ്റർ സാം വർഗീസ്, ഫിന്നി എബ്രഹാം, ഏബ്രഹാം മോനീസ് ജോർജ്, റോബിൻ ജോൺ, സൂസൻ ജോൺസൺ തുടങ്ങിയവർ കുടുംബ സംഗമത്തിന്റെ ഇതുവരെയുള്ള ക്രമീകരണ പുരോഗതികൾ വിശദീകരിച്ചു. കോൺഫറൻസിന്റെ ദേശീയ പ്രതിനിധി ബ്രദർ ജോർജ് തോമസ് ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.

രജിസ്ട്രേഷൻ നിരക്ക് ഇളവോടുകൂടി ലഭിക്കുന്നതിന്റെ അവസാന തീയതി ഏപ്രിൽ 30. കോൺഫ്രൻസിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർക്ക് അനായാസേന കോൺഫ്രൻസ് വെബ്സൈറ്റ് (www.ipcfamilyconference.org) വഴിയും രജിസ്റ്റർ ചെയ്യുവാൻ കഴിയും.

വാർത്ത: **നിബു വെള്ളവന്താനം** (നാഷണൽ മീഡിയ കോർഡിനേറ്റർ)

സുവിശേഷത്തിന്റെ സമാന്തര രേഖകൾ

▪ അദ്ധ്യായം 16 ▪

# കറുപ്പിന്റെ മർമ്മം ഗ്രഹിക്കാത്തവർ.......!



സജി പീച്ചി

നിറങ്ങളുടെ മാന്ത്രിക വലയത്തിൽ സ്ഥാനം കല്പിക്കാതെ പോയ നിറമാണ് കറുപ്പ്. പകലിന്റെ നിറം വെളുപ്പാണ്. ഇരുളിന്റെ നിറം കറുപ്പാണ്. വെളിച്ചം വെളുപ്പും നിഴൽ കറുപ്പുമാണ്. ചിരിയുടെ നിറം വെളുപ്പും കരച്ചിലിന്റെ നിറം കറുപ്പുമാണ്. കറുപ്പ് പ്രതിഷേധത്തിന്റെ ചിഹ്നമാണ്.

പണ്ട് കേരളത്തിൽ ഗവർണറെ കരിങ്കൊടി കാണിച്ച് നടത്തിയ പ്രതിഷേധം കേരള ജനത പെട്ടെന്ന് മറക്കില്ല. കഴിഞ്ഞ ദിവസവും കറുപ്പിനെ ചൊല്ലി ചില വിവാദങ്ങൾ അരങ്ങേറി. പുതിയ ചില വിവാദങ്ങൾക്ക് തിരികൊളുത്തി. ചീഫ് സെക്രട്ടറി ശാരദാ മുരളിധരനെ നിറത്തിന്റെ പേരിൽ ആരോ അധിക്ഷേപിച്ചെന്ന വാർത്ത കേട്ടാണ് സാംസ്ക്കാരിക കേരളമുണർന്നത്. ഇതിന് മുൻപും കറുപ്പിനെ ചൊല്ലി വിവാദത്തിന്റെ അഗ്നി നാളങ്ങൾ ഉയർന്നിട്ടുണ്ട്. കറുപ്പിനെ അവഗണിക്കുന്നതിലുള്ള പ്രതിഷേധം മറ നീക്കി പുറത്ത് വന്നിട്ടുള്ളതാണ്.

ഭരതനാട്യ രംഗത്ത് പ്രവർത്തിക്കുന്നവരുടെ നിറം വെളുത്തതായിരിക്കണമെന്ന് സാമൂഹ്യ മാധ്യമത്തിൽ ഒരാൾ പങ്കുവച്ച അഭിപ്രായം ഏറെ പ്രകോപനങ്ങൾ സൃഷ്ടിച്ചിരുന്നു. നിരവധി പേർ തങ്ങളുടെ പ്രതിഷേധം ആ വിഷയത്തിൽ രേഖപ്പെടുത്തിയിരുന്നു. കറുപ്പിനെ അവമതിക്കുന്നവരും വെളുപ്പിനെ അനുകൂലിക്കുന്നവരും തമ്മിലുള്ള യുദ്ധം ലോകമുണ്ടായ കാലം മുതലുള്ളതാണ്. ഇവർ തമ്മിലുമുള്ള വാക്ക് പയറ്റും ആശയ സംഘട്ടനവുമാണ് മാധ്യമ ലോകത്തെ ചർച്ചാ വിഷയം.!

അമേരിക്കൻ ഐക്യനാടുകളിൽ എബ്രാഹാം ലിങ്കന്റെ കാലം മുതൽ ജാതിവ്യവസ്ഥയിൽ എക്കാലവും നിറത്തെ ചൊല്ലിയുള്ള ഒട്ടേറെ വാഗ്വാദങ്ങളും ആക്ഷേപങ്ങളും ഉയർന്നിട്ടുണ്ട്. ഇത് സംബന്ധിച്ച് ഒട്ടനവധി സംവാദങ്ങളും ആരോപണ പ്രത്യാരോപണങ്ങളും ഇതിനോടകം വിവിധ മേഖലകളിലുണ്ടായിട്ടുണ്ട്.

ആത്മീയ രംഗത്തും ഇതിന്റെ പ്രത്യാഘാതങ്ങൾ ഒളിഞ്ഞും തെളിഞ്ഞും പ്രതിഫലിച്ചിട്ടുണ്ട്. പ്രമാദമായ ഒരു പെന്തക്കോസ്ത് സഭ ഇന്നും സവർണ്ണരേയും അവർണ്ണരേയും വേർതിരിച്ചാണ് നിർത്തിയിരിക്കുന്നത്.

ചീഫ് സെകട്ടറിക്ക് പിന്തുണയുമായി കലാ സാഹിത്യ- സാംസ്ക്കാരിക മേഖലകളിൽപ്പെട്ട പലരും രംഗത്തുവന്നു. വായിൽ നിന്ന് പോയ വാക്കും കൈയ്യിൽ നിന്ന് പോയ കല്ലും തിരിച്ചു പിടിക്കാനാവില്ലല്ലോ. സാംസ്ക്കാരിക കേരളമെന്ന ഖ്യാതി നിലനില്ക്കുമ്പോഴും ജാതി അധിക്ഷേപത്തിന്റെ മാറാലകളാണ് ചുറ്റുമുള്ളത്.

ദൈവം നൽകിയിട്ടുള്ള നിറത്തിന്റെ പേരിൽ ആരേയും മാറ്റി നിർത്തുന്നത് സമൂഹത്തിന് ഭൂഷണമല്ല. ഇത്തരം പ്രവണതകൾ ആത്മീയ ലോകത്ത് വച്ചു പുലർത്തുന്നതും നന്നല്ല. കാലാന്തരത്തിൽ അവയ്ക്ക് സ്ഥായിയായ മാറ്റം സംഭവിച്ചെങ്കിലും പൂർണ്ണമായും അവ തുടച്ചു നീക്കാനായില്ലെന്നത് ദൗർഭാഗ്യകരമാണ്. കറുത്തവർ കരുത്തരാണെന്നുള്ള ഒരു വാദം നിലനില്ക്കുന്നുണ്ട്. അതിൽ എത്രത്തോളം സത്യമുണ്ടെന്നറിയില്ല. കലാ - കായിക രംഗങ്ങളിൽ പ്രാവിണ്യം തെളിയിച്ചിട്ടുള്ളവർ മിക്കവരും കറുത്തവരാണ്. ആഫ്രിക്ക, നൈജീരിയ തുടങ്ങിയുള്ള രാജ്യങ്ങളിൽ നിന്നുള്ളവർ ഏറിയപങ്കും കറുത്ത വംശജരാണ്. കായിക ഇനങ്ങളിൽ അവരുടെ മികച്ച പ്രകടനം ആരേയും അമ്പരപ്പിക്കുന്നതും കോരിത്തരിപ്പിക്കുന്നതുമാണ്.

കറുപ്പിന് ഏഴഴകാണെന്ന് കവി പാടിയതിലും കറുപ്പിനോടുള്ള ഇഷ്ടം മറ നീക്കി പുറത്ത് വരുന്നുണ്ട്. പഴയ നിയമ പ്രവാചകനായ മോശയുടെ പത്നി ആഫ്രിക്കയിലെ ഒരു കറുത്തവർഗ്ഗക്കാരിയായിരുന്നു എന്നാണ് നിഗമനം. ബൈബിൾ ഭാഷയിൽ പറഞ്ഞാൽ ഒരു കൂശ്യസ്ത്രീ...! കൂശ്യന് തന്റെ ത്വക്കും പുള്ളിപ്പുലിയ്ക്ക് തന്റെ പുള്ളിയും മാറ്റാനാകില്ല എന്ന് പ്രവാചകൻ പറഞ്ഞിരിക്കുന്നു. എത്യോപ്യക്കാരിയായ



ദൈവം നൽകിയിട്ടുള്ള നിറത്തിന്റെ പേരിൽ ആരേയും മാറ്റി നിർത്തുന്നത് സമൂഹത്തിന് ഭൂഷണമല്ല. ഇത്തരം പ്രവണതകൾ ആത്മീയ ലോകത്ത് വച്ചു പുലർത്തുന്നതും നന്നല്ല. കാലാന്തരത്തിൽ അവയ്ക്ക് സ്ഥായിയായ മാറ്റം സംഭവിച്ചെങ്കിലും പൂർണ്ണമായും അവ തുടച്ചു നീക്കാനായില്ലെന്നത് ദൗർഭാഗ്യകരമാണ്.

മോശയുടെ ഭാര്യയെ അംഗീകരിക്കാൻ സഹോദരി മിര്യാമിന് ബുദ്ധിമുട്ട് ഉണ്ടായിരുന്നു. അവൾ കറുത്തവളും മിര്യാം വെളുത്തവളുമായിരുന്നു. ഈ ബന്ധം അവൾക്ക് അസ്വസ്ഥതയുണ്ടാക്കി. തന്റെ സഹോദരൻ മോശ ഗ്ലാമറുള്ള പയ്യനാണ്. അവന് ഒട്ടും ചേർന്നതല്ല കൂശ്യസ്ത്രീ. മിര്യാം അവളുടെ രോഷത്തിൽ പലതും പറഞ്ഞ് പിറുപിറുത്തു കൊണ്ടിരുന്നു. എത്ര നല്ല ആലോചനകളാണ് അവന് വന്നത്...? വിദ്യാഭ്യാസവും സൗന്ദര്യവും കഴിവും എല്ലാം അവന് വേണ്ടുവോളമുണ്ട്. അവന്റെ മുഖത്ത് നോക്കിയാൽ സൂര്യൻ ഉദിച്ചു വരുന്നത് പോലെ സൗന്ദര്യമാണ് ....!

മിര്യാം മോശെക്കെതിരെ പിറുപിറുത്തു. എന്നാൽ ദൈവത്തിന് അതിൽ ഒരു ഉദ്ദേശമുണ്ടായിരുന്നു. അതിന്റെ ബാക്കിപത്രം ദുരന്തപൂർണ്ണമായിരുന്നു. നിമിഷങ്ങൾക്കകം അവളുടെ ശരീരം വിളറി വെളുത്തു. ആപാദചൂഡം വെള്ളപ്പാണ്ട് അവളുടെ ത്വക്കിൽ ബാധിച്ചു. വെള്ളപ്പാണ്ട് ഒരു തരം കുഷ്ട മായിരുന്നു. പാളയത്തിൽ നിന്നും അവളെ പുറത്താക്കി. നിറത്തെ ചൊല്ലിയുള്ള വിവാദത്തിന് ഇതോടെ തിരശീല വീണു.

വിശുദ്ധ ബൈബിളിൽ പറഞ്ഞിട്ടുള്ള മറ്റൊരു കഥാപാത്രമാണ് ശൂലേമി. വിശുദ്ധ പ്രേമബന്ധത്തെ അതിപവിത്രമായി ചിത്രീകരിച്ചിരിക്കുന്ന ഗ്രന്ഥമാണ് ഉത്തമഗീതങ്ങളുടെ പുസ്തകം. ശലോമോന്റെ ആയിരത്തഞ്ചു ഗീതങ്ങളിൽ നിന്നും തെരെഞ്ഞെടുത്ത ഉത്കൃഷ്ട ഗീതങ്ങളാണ് ഉത്തമഗീതങ്ങൾ എന്ന ഗ്രന്ഥം. നായിക ഇരുണ്ട നിറമുള്ള ഒരു ഇടയ പെൺകുട്ടിയാണ്. ഒരിടയച്ചെറുക്കൻ അവളുടെ സൗന്ദര്യത്തിൽ അനുരക്തനായി. അവരുടെ ദിവ്യസ്നേഹബന്ധത്തെ വരച്ചുകാട്ടുന്നതാണ് ഉത്തമ ഗീതമെന്ന പുസ്തകത്തിന്റെ പ്രമേയം. അവൾ കറുത്തവളായിട്ടും അവർ തമ്മിലുള്ള സ്നേഹ ബന്ധത്തിന് തെല്ലും ഉടവോ, വിള്ളലോ സംഭവിച്ചില്ല.

യേശു കിസ്തുവിന്റെ ക്രൂശുമരണവുമായി ബന്ധപ്പെട്ടുള്ളതാണ് മറ്റൊരു സംഭവം. ഭാരമുള്ള പച്ച പൈൻ മരകുരിശുമേന്തി യേശു ഗോൽഗോഥാ മലയിലേക്ക് പാദം വയ്ച്ച് കയറുമ്പോൾ വയലിൽ പണി ചെയ്തു വരുന്ന ഒരു നീഗ്രോയെ പട്ടാളക്കാർ കണ്ടുമുട്ടി. യേശുവിന്റെ ക്ഷീണാവസ്ഥ മനസ്സിലാക്കിയ റോമാ പട്ടാളക്കാർ യേശുവിന് ഇടയ്ക്ക് വച്ച് എന്തെങ്കിലും സംഭവിക്കുമോ എന്ന് ആശങ്കപ്പെട്ടു. അത് സംഭവിക്കാതിരിക്കാൻ അവർ വയലിൽ നിന്നും കയറി വരുന്ന കുറേനക്കാരനായ ശിമോൻ എന്ന കറുത്ത വർഗ്ഗക്കാരനെ യേശുവിന്റെ ക്രൂശു ചുമക്കാൻ നിർബന്ധിച്ചു. സവർണ്ണർ മാറി നിന്നപ്പോൾ ഒരവർണ്ണൻ യേശുവിന്റെ ക്രൂശ് ചുമക്കാൻ മുന്നോട്ടു വന്നു.

ദൈവത്തിന് മുഖപക്ഷമില്ല. കറുത്തവനെന്നോ വെളുത്തവനെന്നോ ശകനനെന്നോ ദാസനെന്നോ ഉയർന്നവനെന്നോ താണവനെന്നോ മുതലാളിയെന്നോ തൊഴിലാളിയെന്നോ ഐമേനിയെന്നോ തിരുമേനിയെന്നോ പക്ഷാന്തരങ്ങളില്ല....വ്യത്യാസമില്ല. സ്വാർത്ഥ താൽപ്പര്യങ്ങൾക്കുവേണ്ടി അതിർ വരമ്പുകൾ സൃഷ്ടിക്കുന്നത് മനുഷ്യരാണ് - യേശു ക്രിസ്തുവിന്റെ സുവിശേഷമാണ് ജാതിവ്യവസ്ഥയുടെ മതിൽക്കെട്ട് തകർത്ത് നിർമ്മൂലമാക്കിയത്. ആ സുവിശേഷവും സ്നേഹത്തിന്റെ മതവുമാണ് ഇവിടെ ജാതി ഭേദങ്ങൾ തകർത്തുടച്ചത്.

www.sdpathram.com

സ്വർഗീയധ്വനി
ക്രിസ്തീയ പത്രം

| | | |
|---|---|---|
| Chairman | : | James T. Samuel |
| Managing Editor | : | Joy Thumpamon |
| Chief Editor | : | Finny P. Mathew |
| Editorial Director | : | Oommen Ebenezer |
| General Editor | : | Pr. Sam T. Mukhathala |
| Circulation Manager | : | K. C. Jacob |
| Overseas Editors | : | Sunny Thazhampallom<br>Sheenamol Joseph |
| General Coordinator | : | Pr. Binu Cheriyan |
| Coordinators | : | George Samuel |
| | : | Jose K. Varghese |
| | : | Anu Samuel |
| | : | Pr. Sajan Easo Plachery |



പഠന പരമ്പര 7

# പലസ്തീൻ ആരുടേത്? ഭാവി എന്ത്?



ഫിലിപ്പോസ് കുളക്കട
9605498870

## പുതിയ ആകാശവും പുതിയ ഭൂമിയും യിസ്രായേലിന്റെ വാഗ്ദത്ത ഭൂമി

ദൈവം അബ്രഹാമിന് നൽകിയ വാഗ്ദാനങ്ങൾ മൂന്നു കാലത്തേക്കുള്ളതും മൂന്ന് വിധവുമാണെന്ന് ഇതിൽ മുമ്പ് കുറിച്ചതാണ്.

1. പോരാട്ട ജീവിത കാലം, 2. ഭരണ കാലം (സഹസ്രാബ്ദ യുഗം), 3. നിത്യത യുഗം. അതിൽ മൂന്നാമത്തേത് അബ്രഹാമിന് വാഗ്ദത്തം ചെയ്തതിന്റെ വ്യക്തമായ രേഖ പഴയനിയമത്തിൽ ഇല്ല. എന്നാൽ അബ്രഹാം വാഗ്ദത്തത്തിന് കൂട്ടവകാശികളായ യിസഹാക്കിനോടും യാക്കോബിനോടും കൂടെ ദൈവം ശിൽപിയായി നിർമ്മിച്ചതും അടിസ്ഥാനങ്ങളുള്ളതുമായ നഗരത്തിനായി കാത്തിരുന്നുവെന്നും അവർ എല്ലാവരും ദൂരത്തു നിന്ന് അതു കണ്ട് അഭിവന്ദിച്ചും ഭൂമിയിൽ തങ്ങൾ അന്യരും പരദേശികളും എന്ന് ഏറ്റു പറഞ്ഞുകൊണ്ട് വിശ്വാസത്തിൽ മരിച്ചു എന്ന് എബ്രാ. 11:10-14 വരെയുള്ള വാക്യങ്ങളിൽ പറയുന്നു. ഇങ്ങനെ പറയുന്നവർ ഒരു പിതൃദേശം അന്വേഷിക്കുന്നു എന്ന് തുടർന്ന് രേഖപ്പെടുത്തിയിരിക്കുന്നു. അത് സ്വർഗീയമായതും ദൈവം അവർക്കായി ഒരുക്കിയിരിക്കുന്ന നഗരവുമാണെന്ന് തടർന്ന് 15 വരെയുള്ള വാക്യങ്ങൾ തെളിയിക്കുന്നു. യിസ്രായേലിന്റെ പിതൃദേശം സ്വർഗീയ യെരുശലേമാണെന്ന് അതിനാൽ തെളിയുന്നു. അത് സ്വർഗത്തിൽ നിന്നും പുതിയ ഭൂമിയിലേക്ക് ഇറങ്ങി വരുന്നതാണ് അപ്പോസ്തോലനായ യോഹന്നാൻ കണ്ടത്.

അതിനുമുമ്പ് മരിച്ചുപോയിട്ടുള്ള യിസ്രായേല്യ വിശുദ്ധന്മാർ കർത്താവിന്റെ മേഘപ്രത്യക്ഷതയിൽ ഉയിർത്തെഴുന്നേറ്റ് സഭയോടുകൂടെ സ്വർഗാരോഹണം ചെയ്യും. അതിനുശേഷം കർത്താവിന്റെ മഹത്വ പ്രത്യക്ഷതവരെ മരിക്കുന്ന യിസ്രായേല്യ വിശുദ്ധന്മാർ മഹത്വ പ്രത്യക്ഷതയിൽ ഉയിർത്തെഴുന്നേൽക്കും. അവർ ക്രിസ്തുവിനോടുകൂടെ വാഴും. സഹസ്രാബ്ദ യുഗത്തിന്റെ ഒടുവിൽ ജീവിക്കുന്നവരും സഹസ്രാബ്ദശേഷം സാത്താനെ അഴിച്ചു വിടുമ്പോൾ അവൻ വിശുദ്ധന്മാരോടും യെരുശലേം പട്ടണത്തോടും യുദ്ധം ചെയ്യുന്നതിനായുള്ള ശ്രമത്തിൽ അവനോടു യോജിക്കാത്ത വിശുദ്ധന്മാരായിരിക്കും പുതിയ ഭൂമിയിൽ പ്രവേശിക്കുന്നത്. അതായിരിക്കും യിസ്രായേലിന്റെ ആത്യന്തിക അക്ഷരീക പിതൃദേശം.

**പുതിയ ഭൂമി നിവാസികൾ ഭൗമ ശരീരികൾ**

പുതിയ ഭൂമിയിലെ നിവാസികൾ ആരായിരിക്കുമെന്ന് തൊട്ടുമുകളിലത്തെ വാചകത്തിൽ കുറിച്ചതാണ്. എന്നിരുന്നാലും അവരെക്കുറിച്ച് വിവിധ സിദ്ധാന്തങ്ങൾ നിലവിലുള്ളതിനാൽ അൽപം വിശദീകരണം ആവശ്യമുണ്ടെന്ന് കരുതുന്നു. സ്വർഗത്തിലും ഭൂമിയിലും ഉള്ളതെല്ലാം പിന്നെയും ക്രിസ്തുവിൽ ഒന്നായി ചേർക്കുക എന്ന കാലസമ്പൂർണ്ണതയിലെ വ്യവസ്ഥയെന്ന് എഫെ. 1:10 ൽ കാണുന്നു. പിന്നെയും എന്നർത്ഥം വരുന്ന പദം മൂലഭാഷയിൽ ഇല്ലായെന്ന് ചില പണ്ഡിതന്മാർ എഴുതിയിട്ടുണ്ട്. ഇംഗ്ലീഷിൽ ആ അർത്ഥം വരുന്ന പദം ഇല്ല. കത്തോലിക്കാ ബൈബിളിലും കത്തോലിക്കാ സ്വതന്ത്ര പരിഭാഷയായ ഓശാനയിലും ആ വാക്കില്ല. എന്തായാലും കാല സമ്പൂർണ്ണതയിൽ (In the dispensation of the fulness of times യുഗങ്ങളുടെ കാല സമ്പൂർണ്ണതയിൽ) ദൈവം സ്വർഗവും ഭൂമിയും പൂർണ്ണ ഐക്യതയിൽ എത്തിച്ചിരിക്കും. ആദിപിതാവിന്റെ പാപത്താൽ ഭൂമി ശപിക്കപ്പെട്ടതിനു മുമ്പ് അതേ അവസ്ഥയിലായിരുന്നു. ദൈവം ഭൂമിയെ സൃഷ്ടിച്ചത് വ്യർത്ഥമായിട്ടല്ല, പാർപ്പിനായിട്ടാണ് (യെശ. 45:18). ദരിദ്രവാസത്തിനല്ല, സന്തുഷ്ട ജീവിതത്തിന്, അതായിരുന്നു ഏദെൻ തോട്ടത്തിലെ അവസ്ഥ, അതാണ് മനുഷ്യനെകുറിച്ചുള്ള ദൈവഹിതം. അതിനുതകും വിധം ഭൂമിയെ പുന:സൃഷ്ടിക്കേണ്ടത് ദൈവമഹത്വം നിലനിർത്തുന്നതിനാവശ്യമാണ്. അല്ലെങ്കിൽ ദൈവം പരാജയപ്പെട്ടെന്നു വരും. കഷ്ടതയനുഭവിക്കുന്ന വിശുദ്ധന്മാരോട് നിന്റെ ദൈവം എവിടെയെന്ന് അഭക്തർ പരിഹസിക്കാറുണ്ടല്ലൊ. അത് ദൈവം അവസാനിപ്പിക്കും.

ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും കണ്ടു എന്ന് അപ്പോസ്തോലൻ പറയുന്നു എങ്കിലും പുതിയ ആകാശത്തെ പറ്റി പിന്നീട് ഒന്നും പറയുന്നില്ല. പുതിയ ഭൂമിയേക്കുറിച്ചും പ്രത്യേക വിവരണങ്ങളില്ല. സ്വർഗത്തിൽ നിന്നിറങ്ങി പുതിയ ഭൂമിയിൽ സ്ഥാപിക്കപ്പെടുന്ന പുതിയ യെരുശലേമിനെക്കുറിച്ചുള്ളതാണ് വിവരണങ്ങൾ. അതിൽ 21:28 വരെയുള്ള ഭാഗം സ്വർഗത്തിലെ സിംഹാസനത്തിൽ നിന്നും കേട്ട ശബ്ദം എഴുതുക എന്ന കൽപന അനുസരിച്ച് യോഹന്നാൻ എഴുതിയതാണ്. 21:9-22 അവസാനം വരെയുള്ള ഭാഗം ദൂതൻ യോഹന്നാന് കാണിച്ചു കൊടുത്തത് അദ്ദേഹം രേഖപ്പെടുത്തിയതുമാണ്. പുതിയ ഭൂമിയിലാണ് പുതിയ യെരുശലേം സ്ഥാപിക്കുന്നതെങ്കിലും രണ്ടിന്റെയും അവസ്ഥകൾ വ്യത്യസ്ഥമാണ്. നാം വസിക്കുന്ന ഭൂമിയുടെ മലീമസമായ ഉപരിതലം ചുട്ടഴിച്ചശേഷം പുതുക്കി പണിയുന്നതായിരിക്കും പുതിയ ഭൂമി. അതിൽ ഭൗമശരീരികളായ മനുഷ്യരും ഇതര ജന്തുക്കളും വൃക്ഷ, സസ്യ, ലതാദികളുമെല്ലാം ഉണ്ടായിരിക്കും. പുതിയ യെരുശലേം രത്ന നിർമ്മിതമാണ്. അതിൽ മനുഷ്യരുണ്ടായിരിക്കുമെങ്കിലും മറ്റ് ജീവികളോ വൃക്ഷ സസ്യലതാദികളോ ഉണ്ടായിരിക്കയില്ല. അവിടെ പറയുന്ന വിഷയങ്ങൾ വിവേചിച്ചാണ് ഓരോന്നും രണ്ടിൽ ഏതിനെ സംബന്ധിക്കുന്നതാണെന്ന് ഗ്രഹിക്കേണ്ടത്. ദൈവദാസന്മാരെ കാണിക്കേണ്ടതിനാണ് യോഹന്നാന് അത് കാണിച്ചു കൊടുത്തത്. ദൈവം യോഹന്നാന് വെളിപ്പെടുത്തിയ വസ്തുതകൾ അദ്ദേഹത്തിന്റെ എഴുത്തിലൂടെ ദൈവ ജനങ്ങളെല്ലാം കാണണമെന്ന് ദൈവം ആഗ്രഹിക്കുന്നുവെന്ന് അതിനാൽ തെളിയുന്നു. ദൈവം അങ്ങനെ ആഗ്രഹിക്കാൻ കാരണം ഈ ലോകത്തിൽ അനുഭവിക്കേണ്ടി വരുന്ന കഷ്ടതകളിൽ ക്ഷീണിച്ച് വീണുപോകാതെ നിലനിർത്താനും ഭാവി വാഗ്ദാനങ്ങൾ സ്വന്തമാക്കാൻ വേണ്ടി ഇവിടെ ത്യാഗങ്ങൾ ചെയ്യാനുമുള്ള ചാലക ശക്തിയെന്നാണ്. സ്വർഗരാജ്യത്തെക്കുറിച്ച് കർത്താവ് പറഞ്ഞ ഉപമകളിൽ വിലയേറിയ നിധി കണ്ട മനുഷ്യൻ അത് വയലിൽ മറച്ചു വെച്ചശേഷം പോയി തനിക്കുള്ളതെല്ലാം വിറ്റ് ആ വയൽ വാങ്ങി എന്നും വിലയേറിയ മുത്ത് അന്വേഷിച്ച വ്യാപാരി തനിക്കുള്ളതെല്ലാം വിറ്റ് കണ്ട മുത്ത് വാങ്ങിയതായും പറയുന്നു (മത്താ. 44-46). അവർ രണ്ടുപേരും തങ്ങൾക്കുള്ളത് വിൽക്കാൻ തയ്യാറായത് അതിനേക്കാൾ വിലയേറിയത് സ്വന്തമാക്കാനാണല്ലോ. ഇവിടെ സമ്പത്ത് വർദ്ധിപ്പിക്കാൻ ബദ്ധപ്പെടുന്നവർ അതിലും വിലയേറിയത് കാണാത്തവരാണെന്നതിൽ തർക്കമില്ലല്ലോ.

നമുക്ക് പുതിയ ഭൂമിയിലേക്കും പുതിയ യെരുശലേമിലേക്കും മടങ്ങി വരാം. ആയിരമാണ്ട് വാഴ്ചക്കുശേഷം സാത്താനെ അഴിച്ചു വിടുമ്പോൾ അക്കാലത്തെ വിശുദ്ധന്മാരോട് യുദ്ധത്തിനായി അവർ കൂട്ടിച്ചേർക്കുന്ന 'ഗോഗ് മാഗോഗ്' എന്ന് പറയപ്പെടുന്ന സൈന്യത്തിലേക്ക് സൈന്യത്തെ അയക്കാത്ത ജനതകളും അന്നത്തെ വിശുദ്ധന്മാരായ യെഹൂദന്മാരുമായിരിക്കും പുതിയ ഭൂമിയിലെ വാസികളെന്ന് മുകളിൽ കുറിച്ചത് പശ്ചാത്തല വെളിച്ചത്തിലുള്ള വ്യാഖ്യാനമാണ്. ബൈബിളിൽ അവരുടെ ദേശമോ വർഗമോ ഭാഷയോ ഒന്നും പറയുന്നില്ല. ബൈബിളിൽ അവരെക്കുറിച്ച് പറയുന്ന ഏക കാര്യം അവർ കുഞ്ഞാടിന്റെ ജീവ പുസ്തകത്തിൽ പേരെഴുതപ്പെട്ടിട്ടുള്ളവരായിരിക്കും എന്നാണ് (വെളി. 21:27). അതിൽ പേരില്ലാത്തവരെല്ലാം പോകുന്നത് തീപ്പൊയ്കയിലേക്കാണ് (20:15). അവരെപ്പറ്റി 21:8 ലും 22:15 ലും പറയുന്നുണ്ട്. 22:15 ൽ അവരുടെ പട്ടിക തുടങ്ങുന്നത് നായ്ക്കളും എന്നാണ്. അത് വളരെയധികം സംശയാസ്പദമായതാണ്. അതിനാൽ അതേപ്പറ്റി വിശദമാക്കേണ്ടതുണ്ടെന്ന് ചിന്തിക്കുന്നു.

ന്യായപ്രമാണ പ്രകാരം നായ് അശുദ്ധ മൃഗമാണ്. നായ് മാത്രമല്ല കുളമ്പ് പിളർന്നതല്ലാത്തതും അയവിറക്കാത്തതുമായ മൃഗങ്ങളെല്ലാം യിസ്രായേലിന് അശുദ്ധമാണ് (ലേവ്യ. 11 അധ്യായം). അതിൽ ഒട്ടകം, കഴുത, കുതിര, പന്നി മുതലായവ യെഹൂദന്മാരുടേയും വളർത്തു മൃഗങ്ങളാണ്. അവ പുതിയ ഭൂമിയിൽ ഉണ്ടായിരിക്കുമോ? ഉണ്ടായിരിക്കുമെങ്കിൽ നായയേ ഒഴിവാക്കുവാൻ കാരണമെന്ത്? അവ അവിടെ ഉണ്ടായിരിക്കയില്ലെങ്കിൽ നായുടെ കാര്യം മാത്രം എടുത്തു പറയാൻ കാരണമെന്ത്? ഇതൊക്കെ ന്യായമായ ചോദ്യങ്ങളല്ലെ? അതൊക്കെ ചർച്ച ചെയ്യേണ്ട പ്രധാന വിഷയങ്ങളാണോ? അതെ! തീർച്ചയായും!

അവിടുത്തെ നായ്ക്കൾ എന്ന നാമം അക്ഷരാർത്ഥത്തിൽ എടുക്കാനുള്ളതല്ല. അത് ഉപമാനമാണ്. അതിലെ ഉപമേയങ്ങളാണ് വിഷയം പ്രാധാന്യമാക്കുന്നത്. ആരായിരിക്കും അവിടുത്തെ ഉപമേയങ്ങൾ? യിസ്രായേൽ പുത്രമാരിൽ ഒരു വേശ്യ ഉണ്ടാകരുത്. യിസ്രായേൽ പുത്രന്മാരിൽ ഒരു പുരുഷ മൈഥുനക്കാരനും ഉണ്ടാകരുത് എന്ന് കൽപിച്ചശേഷം വേശ്യയുടെ കൂലിയും നായുടെ വിലയും യഹോവയുടെ ആലയത്തിൽ കൊണ്ടുവരരുതെന്ന് കൽപിച്ചു (ആവ. 23:17,18). അതിലെ 'നായുടെ' എന്നത് അക്ഷരാർത്ഥത്തിലുള്ളതല്ല, ഉപമാനമാണ്. 'വില' എന്നത് പരിഭാഷ പിശകാണ്. Earning of a female prostitute എന്നാണ് N.I.V യിൽ. നായുടെ കൂലിയോ എന്ന് കത്തോലിക്കാ ബൈബിളിലും നായുടെ വേദനമോ എന്ന് ഓശാനാ ബൈബിളിലും കാണുന്നു. ഇനിയും അതിലെ നായ എന്ന ഉപമാനത്തിന്റെ ഉപമേയം ആര് എന്ന് നോക്കാം. ഇംഗ്ലീഷ് N.I.V യിൽ maleprostitute എന്നാണ്. dog എന്നു തന്നെയാണ് R.S.V യിൽ എങ്കിലും or Sodomite എന്ന് അടിക്കുറിപ്പു കൊടുത്തിട്ടുണ്ട്. നായ എന്നതിന് സ്വവർഗ സംഭോഗി എന്ന് ഹീബ്രുവിൽ എന്ന് ഓശാനയിൽ അടിക്കുറിപ്പ് കൊടുത്തിട്ടുണ്ട്.

യിസ്രായേൽ പുത്രിമാരിൽ ഒരു വേശ്യ ഉണ്ടാകരുതെന്ന് നമ്മുടെ ബൈബിളിൽ കാണുന്നിടത്ത് യിസ്രായേൽ സ്ത്രീകളാരും ദേവദാസികളാകരുതെന്ന് റോമൻ കത്തോലിക്കാ ബൈബിളിൽ പറഞ്ഞിരിക്കുന്നത്. യിസ്രായേൽ പുത്രന്മാരിൽ പുരുഷ മൈഥുനക്കാരനും ഉണ്ടാകരുതെന്ന് എന്നതിന് യിസ്രായേൽ പുരുഷന്മാരും ദേവന്മാരുടെ ആലയങ്ങളിൽ വേശ്യ വൃത്തിയിലേർപ്പെടരുതെന്നാണ്. പുരാതന കാലം മുതൽ പുറജാതീയ ദേവാലയങ്ങളിൽ ദേവാരാധനയുടെ ഭാഗമായി തന്നെ നടപ്പുള്ളതായിരുന്നു വേശ്യാവൃത്തി. അതിനുവേണ്ടി പ്രതിഷ്ഠിക്കപ്പെട്ടവരായിരുന്നു ദേവദാസികളും പുരുഷ വേശ്യകളും. ഇന്ത്യയിൽ ഇപ്പോഴും ദേവദാസി സമ്പ്രദായം ഉണ്ടെന്നുള്ളതിന്റെ റിപ്പോർട്ടുകൾ ഇടയ്ക്കിടെ പ്രത്യക്ഷപ്പെടാറുണ്ട്. യിസ്രായിലിലും പ്രസ്തുത സമ്പ്രദായം കയറിക്കൂടിയിട്ടുണ്ട് (നോക്കുക: 1രാജ. 14:24; 15:12; 22:46; 2രാജ. 23:7).

യിസ്രായേലിന്റെ ദൈവാലയ ശുശ്രൂഷകളിൽ സ്ത്രീകൾക്ക് എന്തെങ്കിലും പങ്കുണ്ടായിരുന്നതായി ന്യായപ്രമാണത്തിൽ കാണുന്നില്ല. എന്നാൽ ഏലി പുരോഹിതന്റെ കാലത്ത് സമാഗമനകൂടാരവാതിക്കൽ സ്ത്രീകൾ സേവ ചെയ്തിരുന്നു. അവരുടെ സേവ എന്തായിരുന്നു? ആരാണ് അവരെ നിയമിച്ചത് എന്നതെല്ലാം ദുർഗ്രഹമാണ്. എന്തായാലും അവരുമായി ഏലിയുടെ പുത്രന്മാരായ പുരോഹിതന്മാർ ദുർനടപടി നടത്തിയിരുന്നു (1ശമു. 2:22). പിൽക്കാലത്ത് യിസ്രായേലിന്റെ ദൈവാലയത്തിൽ ദേവദാസിമാരും പുരുഷ മൈഥുനക്കാരും താമസം ഉറപ്പിച്ചിരുന്നു എന്നതിന് അനിഷേധ്യ തെളിവുകൾ ബൈബിളിലുണ്ട്. അശേരയുടേയും പ്രതിമകൾ അവർ ദൈവാലയത്തിൽ-ദൈവാലയാങ്കണത്തിൽ എന്നായിരിക്കാം വിവക്ഷ-സ്ഥാപിച്ചിരുന്നു (1രാജ. 23:4-7). ബാലും അശേരയും ഭാര്യാഭർത്താക്കന്മാർ എന്നാണ് സങ്കൽപം. ഒരു കയ്യിൽ ലില്ലിപൂവും മറു കയ്യിൽ പാമ്പുമായി സിംഹത്തിന്മേൽ ഇരിക്കുന്ന നഗ്നസ്ത്രീയാണ് അശേരയുടെ പ്രതിഷ്ഠ. ആഹാബ് രാജാവിന്റെ കാലത്ത് അശേരയുടെ 400 പ്രവാചകന്മാർ യിസ്രായേലിന്റെ മേശയിൽ ഭക്ഷിച്ചിരുന്നു. അവരോടുകൂടെ ഏകദേശം 450 പ്രവാചകരെ ആഹാബ് കൂട്ടി വരുത്തി (1രാജ. 18:18-19). അവരും കൊട്ടാരത്തിലെ അന്തേവാസികളായിരുന്നുവെന്ന് അനുമാനിക്കാം, അവരെയെല്ലാം ഏലിയാവു കൊന്നു. അധികകാലം കഴിയുന്നതിന് മുമ്പ് തന്നെ ആഹാബ് നാനൂറ് പ്രവാചകന്മാരെ കൂട്ടി വരുത്തി (1രാജ. 22:6). അയാളുടെ മകന്റെ ഭരണകാലത്ത് യിസ്രായേലിന് രാജാവായി അഭിഷിക്തനായ യേഹു ആഹാബിന്റെ സന്തതികളെയെല്ലാം കൊന്നശേഷം ബാലിന്റെ പ്രവാചകന്മാരെ വിളിച്ചുകൂട്ടിയപ്പോൾ ബാലിന്റെ ദേവാലയത്തിൽ പ്രവാചകന്മാർ തിങ്ങി നിറഞ്ഞു (2രാജ. 10:21). ദൈവത്തിന്റെ സ്വന്തജനമായ യിസ്രായേലിൽ ബാൽ-അശേരാ ആരാധന എത്രമാത്രം വ്യാപൃതമായിരുന്നു എന്ന് തെളിയിക്കാനാണ് ഇത്രയും കുറിച്ചത്.

ഇനിയും പുതിയ നിയമ സഭയിൽ അത്തരം നായ്ക്കളുണ്ടോ എന്നു നോക്കാം. നായ്ക്കളെ സൂക്ഷിക്കുവിൻ, കൊള്ളരുതാത്ത വേലക്കാരെ സൂക്ഷിക്കുവിൻ എന്ന അപ്പോസ്തോലനായ പൗലോസ് ഫിലിപ്യയിലെ സഭയ്ക്ക് എഴുതി (ഫിലി. 3:2). അക്കാലത്തു തന്നെ നായ്ക്കൾ സഭയിൽ കയറിപ്പറ്റിയിരുന്നു എന്നതിൽ തർക്കമില്ലല്ലോ. നായ്ക്കളേയും കൊള്ളരുതാത്ത വേല

*(ശേഷം പേജ് 6)*

# റാന്നി നെല്ലിക്കമൺ ഐ.പി.സി. താബോർ സഭ ശതാബ്ദി നിറവിൽ

## സമാപന സമ്മേളനം മെയ് 24 ന്



ഡോ. ജോർജ് മാത്യു
മുള്ളംകാട്ടിൽ

ഭാരതത്തിലെ ഏറ്റവും വലിയ പെന്തെക്കോസ്തു പ്രസ്ഥാനമായ ഇന്ത്യാ പെന്തെക്കോസ്തു ദൈവസഭയുടെ (ഐ.പി.സി.) ആദ്യത്തെ ഇരുപതു പ്രാദേശിക സഭകളിൽ ഒന്നായ റാന്നി നെല്ലിക്കമൺ താബോർ സഭ അതിൻെറ വളർച്ചയിൽ 100 വർഷങ്ങൾ പിന്നിട്ടിരിക്കുകയാണ്.

പെന്തെക്കോസ്തു ഉപദേശവുമായി 1924 ൽ റാന്നിയിലെത്തിയ പാസ്റ്റർ കെ.ഇ. ഏബ്രഹാമും സഹ പ്രവർത്തകരും 1924–25 വർഷങ്ങളിൽ റാന്നിയിലും പരിസരപ്രദേശങ്ങളിലും ചില ചെറിയ ആത്മിയ കൂ ട്ടായ്മകൾ ആരംഭിച്ചു. അതിലൊരു കൂട്ടായ്മയാണ് ഇന്നത്തെ നെല്ലിക്കമൺ താബോർ സഭ. റാന്നി പുല്ലംപള്ളി, പറക്കുളം, ഭാഗങ്ങളിലുള്ള ഭവനങ്ങളിൽ ആരംഭിച്ച ആരാധനയിൽ നെല്ലിക്കമൺ, കണ്ടൻപേരൂർ, വളകൊടികാവ് ആദിയായ സ്ഥലങ്ങളിലുള്ളവരും സംബന്ധിച്ചിരുന്നു. യാത്രാ സൗകര്യങ്ങൾ വളരെ കുറവായിരുന്ന ആ സമയത്ത് ഏഴോലി, കരിയംപ്ലാവ് തുടങ്ങിയ ദൂരസ്ഥലങ്ങളിൽ നിന്നും പലരും കൂട്ടായ്മയിലേക്ക് കടന്നുവരുവാൻ ഇടയായി. അങ്ങനെ കൂടിവന്നിരുന്ന എല്ലാവരുടെയും സൗകര്യാർത്ഥം സഭാ കൂടിവരവ് 1929 ൽ നെല്ലിക്കമൺ ജംഗ്ഷന് സീപത്തു അയന്തിയിൽ ഭവനക്കാർ ദാനമായി നൽകിയ സ്ഥലത്ത് ഒരു താൽക്കാലിക ഓലഷെഡ് നിർമ്മിച്ചു അവിടേക്ക് മാറ്റി. സഭാ വിശ്വാസികളുടെ പ്രാർത്ഥനയുടേയും ത്യാഗപരമായ സാമ്പത്തിക സഹകരണത്തിൻെറയും സ്വമേധ വേലയുടെയും ഫലമായും പാസ്റ്റർ കെ.ഇ. ഏബ്രഹാമിൻെറ സ്വീഡൻ യാത്രയിൽ നിന്നു ലഭിച്ച ഭൗതിക നന്മയിൽ നിന്നുമുള്ള സഹകരണത്തിൻെറയും ഫലമായി 1936–37 ൽ കരിങ്കൽ ഉപയോഗിച്ച് 55 അടി നീളവും 20 അടി വീതിയും ഉള്ള സഭാ ഹാൾ നിർമ്മിക്കുവാൻ ഇടയായി. സഭയ്ക്കായി അയന്തിയിൽ ഭവനക്കാർ നൽകിയ സ്ഥലത്തോടു ചേർന്ന് 39 സെൻറ് സ്ഥലം കൂടി സഭാംഗങ്ങൾ രണ്ടു ഘട്ടങ്ങളിലായി വാങ്ങി. പിന്നീട് കാലാകാലങ്ങളിൽ ശുശ്രൂഷിച്ച ദൈവദാസന്മാരുടെ പ്രത്യേകിച്ചു പാസ്റ്റർ ഫിലിപ്പ് ജോസഫ്, വി.സി. ജോർജ്, ജോ സ്കറിയ, എം.റ്റി. സമുവേൽ ആദിയായവരുടെ പ്രോത്സാഹനത്താലും ഇന്ത്യയിലും വിദേശ രാജ്യങ്ങളിലും താമസിക്കുന്ന സഭാ വിശ്വാസികളുടെ ത്യാഗപരമായ സാമ്പത്തിക കൂട്ടായ്മയുടെ ഫലമായും ഇന്നു കാണുന്ന മനോഹരമായ ആരാധനാലയവും, പാഴ്സനേജും ഓഡിറ്റോറിയവും മറ്റ് അനുബന്ധ നിർമ്മാണ പ്രവർത്തനങ്ങളും പൂർത്തീകരിക്കാൻ ഇടയായി.

ആരംഭകാലത്ത് ആദ്യകാല പെന്തെക്കോസ്തു പ്രവർത്തകരായിരുന്ന വിളയിൽ മത്തായിച്ചൻ, വേങ്ങത്തോട്ടത്തിൽ കുട്ടിയച്ചൻ, കരംവേലിൽ മത്തായിച്ചൻ, കപ്പമാംമൂട്ടിൽ കുഞ്ഞോമ്മാച്ചൻ ആദിയായ കർത്തൃദാസന്മാർ ശുശ്രൂഷകൾക്ക് നേതൃത്വം കൊടുത്തു. പിന്നീട് പാസ്റ്റേഴ്സ് വി.ടി. ജോസഫ്, ടി.എൻ. ഏബ്രഹാം, ഉള്ളായം ചെറിയാച്ചൻ, കുന്നത്തുകര കുട്ടിയച്ചൻ, എം.വി. ചാക്കോ മുണ്ടിയപ്പള്ളി, കെ.വി. മാത്യു പൊന്നോലിൽ, പി.സി. വറുഗീസ് (മേപ്രാൽ), സി.സി. ഏബ്രഹാം ആദിയായ ഐ.പി.സി. യിലെ മുതിർന്ന ദൈവദാസന്മാരും സഭാ ശുശ്രൂഷകന്മാരായി. ഇപ്പോൾ പാസ്റ്റർ കുര്യാക്കോസ് തോട്ടത്തിൽ സഭാശുശ്രൂഷകനായും പ്രൊഫ. മാത്യു ഏബ്രഹാം മുള്ളംകാട്ടിൽ സഭാ സെക്രട്ടറിയായും ബ്രദർ എ.ഐ. ബെന്നി അയന്തിയിൽ ട്രഷറാറായും സേവനമനുഷ്ഠിക്കുന്നു.




സഭയിലെ ആദ്യകാല വിശ്വാസികളായ മാതാപിതാക്കൾ സഭാ വളർച്ചയ്ക്ക് വേണ്ടി വളരെ അധികം പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്. എന്നത് എടുത്തുപറയേണ്ട വസ്തുതയാണ്. സാധാരണ കൃഷിക്കാരായിരുന്ന അവർ പകലന്തിയോളം തങ്ങളുടെ കൃഷി ജോലികൾ ചെയ്തശേഷം ചൂട്ടുകറ്റയും റാന്തൽ വിളക്കും ഏന്തി മലകളും, ഇടത്തോടുകളും താണ്ടി കാൽ നടയാത്ര ചെയ്തു രാത്രിയോഗങ്ങളിലും ഉണർവ്വ് യോഗങ്ങളിലും പങ്കെടുത്തു. ആദ്യകാല കർത്തൃദാസന്മാരെ ക്ഷണിച്ചു വരുത്തി തങ്ങളുടെ ഭവനത്തിൽ താമസിപ്പിച്ചു കൊണ്ട് ആഴ്ചകളും, മാസങ്ങളും നീളുന്ന ബൈബിൾ ക്ലാസുകളും കാത്തിരിപ്പു യോഗങ്ങളും നടത്തി. പാസ്റ്റർ കെ.ഇ. ഏബ്രഹാമിൻെറ ആത്മകഥയിൽ പറയുന്ന പ്രകാരം ഈ സഭയിലെ നെടുംതൂണുകൾ ആയിരുന്ന മുള്ളംകാട്ടിൽ മത്തായിച്ചൻ, അയന്തിയിൽ കുട്ടിയച്ചൻ മുതലായവർ തങ്ങളുടെ കൃഷി ഫലങ്ങൾ കാളവണ്ടിയിൽ കയറ്റി കുമ്പനാട് ഹെബ്രോൻ ബൈബിൾ സ്കൂൾ ആവശ്യങ്ങൾക്ക് എത്തിച്ചു കൊടുത്തിട്ടുണ്ട് എന്നത് ഒരു ചരിത്ര വസ്തുതയാണ്.

രോഗികളെ ശുശ്രൂഷിക്കുന്നതിൽ പ്രത്യേകിച്ച് അന്ന് പടർന്ന മാരകമായ വസൂരി രോഗം ബാധിച്ചവരെ പരിചരിക്കുന്നതിനും, പാവപ്പെട്ടവരുടെ പുരമേഞ്ഞ് കൊടുക്കുന്നതിലും മറ്റും അവർ മാതൃകകാട്ടി. സഭയിൽ നടന്ന ആത്മിയ ഉണർവ്വിൽ നിന്നും ചൈതന്യം ഉൾക്കൊണ്ട പലരും സമീപ പ്രദേശങ്ങളിലും ഇന്ത്യയുടെ മറ്റ് സംസ്ഥാനങ്ങളിലേക്കും കടന്നു പോയി പ്രവർത്തനം ആരംഭിച്ചു. ഈ സഭയുടെ സഭാംഗങ്ങളായിരുന്ന പാസ്റ്റേഴ്സ് എം.എസ്. ജോസഫ് തമിഴ്നാട്ടിലും, കുര്യൻ തോമസ് ഇറ്റാർസി മധ്യപ്രദേശിലും, കെ.സി. മാത്യൂസ് കർണ്ണാടകയിലും റ്റി.എം. സൈമൺ ഡെൽഹിയിലും പി.റ്റി. ജോർജ് യു.പി.യിലും പി.വി. ജോർജ്ജ് ആൻഡമാനിലും ഡോ. ജോർജ് മാത്യു ത്രിപുരയിലും, മാത്യുകെ. ഏബ്രഹാം ജമ്മുകാശ്മീരിലും ഐ.പി.സി. പ്രവർത്തനങ്ങൾ ആരംഭിക്കാൻ നേതൃത്വം കൊടുത്തു. ഐ.പി.സി. നേതാക്കളായിരുന്ന പാസ്റ്റർ റ്റി.ജി. ഉമ്മൻ, പാസ്റ്റർ ജോർജ് വറുഗീസ് എന്നിവർ സുവിശേഷ വേലയിലേക്ക് ഇറങ്ങിയത് നെല്ലിക്കമൺ സഭയിൽ നിന്നാണെന്നത് സഭയ്ക്ക് അഭിമാനകരമാണ്. നിത്യതയിൽ വിശ്രമിക്കുന്ന പാസ്റ്റർ ജോസഫ് കുരുവിള, പാസ്റ്റർ റ്റി.എൻ. തങ്കപ്പൻ എന്നിവർ ഉൾപ്പെടെ 100 റോളം ദൈവദാസന്മാരും സുവിശേഷകരും ഈ സഭയിൽ നിന്ന് ഇന്ത്യയിലും മറ്റ് രാജ്യങ്ങളിലും കടന്നുപോയി സുവിശേഷ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുവാനിടയായി.

കഴിഞ്ഞ ഒരു വർഷം നീണ്ട ശതാബ്ദി പ്രവർത്തനങ്ങളുടെ ഭാഗമായി സുവിശേഷ യാത്രകൾ, ഭവന നിർമ്മാണം, വിവാഹ സഹായം, വിദ്യാഭ്യാസ സഹായം ആദിയായ സുവിശേഷീകരണ ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തുവാൻ ഇടയായി. ശതാബ്ദിയോടനുബന്ധിച്ച് പ്രസിദ്ധീകരിക്കുന്ന സുവനീറിൻെറ പ്രവർത്തനങ്ങൾക്ക് ബ്രദർ ഷിബു മുള്ളംകാട്ടിൽ നേതൃത്വം കൊടുക്കുന്നു. മെയ് 24 ശനിയാഴ്ച ശതാബ്ദി പ്രർത്തനങ്ങളുടെ സമാപന സമ്മേളനം നടക്കുകയാണ്. ലോകത്തിൻെറ വിവിധ ഭാഗങ്ങളിൽ താമസിക്കുന്ന സഭാ വിശ്വാസികളും കർത്തൃദാസന്മാരും കടന്നുവരുന്ന പ്രസ്തുത സമ്മേളനത്തിൻെറ വിജയത്തിനായി എല്ലാവരുടെയും പ്രാർത്ഥനയും പിന്തുണയും അഭ്യർത്ഥിക്കുന്നു.







## PRAYER

പ്രാർത്ഥനയ്ക്ക് മറുപടി കിട്ടാത്തതിനാൽ നിങ്ങൾ ഭാരപ്പെടുന്നുണ്ടോ? ദൈവവചനം വിശ്വാസത്തോടുകൂടി അനുസരിച്ച് ജീവിതത്തെ ക്രമപ്പെടുത്തുവാൻ നിങ്ങൾ തയ്യാറാണോ? എന്നാൽ ഞങ്ങളും നിങ്ങളോടൊത്ത് പ്രാർത്ഥിക്കാം. എല്ലാ വിവരങ്ങളും ഞങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതാണ്.

Prayercell, Ponkunnam P.O.,
Kerala, pin 686 506. Phone : 04828223287
Email : prayercell@rediffmail.com

ധ്യാനം

# ഇതാ എന്റെ കൈകൾ



പാസ്റ്റർ ജോൺ ഫിലിപ്പ്
ഏഴംകുളം

പ്രതീക്ഷകൾ അസ്തമിച്ചു. ഹൃദയത്തിന്റെ നൊമ്പരം മുഖത്ത് പ്രതിബിംബിച്ചപ്പോൾ അറിയാതെ മുഖം വാടി. മൗനനൊമ്പരങ്ങളുടെ പ്രതിഫലനമായിരുന്നു ആ യാത്രക്കാർ തമ്മിലുള്ള വാദവും തർക്കവും. യെരുശലേമിൽ നിന്നും എമ്മൗസിലേക്കുള്ള ദൂരം ഏഴ് മൈൽ ആയിരുന്നു. ഇരുൾ ഭൂമിയെ മൂടുന്നതിന് മുമ്പ് എമ്മൗസിൽ എത്തണം. സാഹചര്യങ്ങൾ ആകെ മാറി മറിഞ്ഞിരിക്കുന്നു. ക്രിസ്തുവിനെ തിരഞ്ഞെത്തിയവർക്ക് ശരീരം പോലും കാണാൻ കഴിഞ്ഞില്ല. പ്രതീക്ഷകൾക്ക് വിപരീതമായാണ് എല്ലാം നീങ്ങുന്നത്.

ക്രിസ്തു യിസ്രായേലിനെ വീണ്ടെടുക്കും എന്നായിരുന്നു അവരുടെ പ്രതീക്ഷ. ആ ആശ ചില്ലുകൊട്ടാരം പോലെ നിലം പൊത്തി. ദൂരം കൂടി വരുന്നതു പോലെ അവർക്കു തോന്നി. ദു:ഖവും അശുഭ ചിന്തകളും ഹൃദയം കീഴടക്കിയപ്പോൾ അറിയാതെ മുഖം വാടി, എല്ലാറ്റിനോടും ഒരു നിസ്സംഗത. ഭൂതകാലത്തിന്റെ മധുരസ്മരണകൾ അവരുടെ മനസ്സിലൂടെ മിന്നൽ പിണർപോലെ ഇടയ്ക്കിടെ ഓടിയെത്തുന്നുണ്ട്. ക്രിസ്തു എന്ന വ്യക്തിപ്രഭാത്തിന് മുമ്പിൽ രാഷ്ട്രീയ, മത മേധാവികൾക്കുപോലും പിടിച്ചു നിൽക്കാനായില്ല. അധികാരവും ചെങ്കോലും പണത്തിന്റെ പിൻതുണയും ഇല്ലാതിരുന്നിട്ടും ജനം ക്രിസ്തുവിനോട് കൂടിയായിരുന്നു. കപട ഭക്തിയെ നിർഭയം വിമർശിച്ച ക്രിസ്തു യഥാർത്ഥ ഭക്തി മനുഷ്യത്വവും സാഹോദര്യവും ആണെന്ന് പഠിപ്പിച്ചു. അംബരചുംബിയായ ദേവാലയങ്ങളിലല്ല, ശുദ്ധമായ ഹൃദയത്തിലാണ് ദൈവത്തിന്റെ വാസം എന്ന് തന്റെ അനുഗാമികളോടും ലോകത്തോടും വിളംബരം ചെയ്തു. കപടതയുടെ മുഖം മൂടിയണിഞ്ഞ മനുഷ്യത്വമില്ലാത്ത മതാചാരത്തെ ക്രിസ്തു നിസിതമായി വിമർശിച്ചു. ക്രിസ്തുവിന്റെ വാക്കുകൾക്ക് മുമ്പിൽ പരീശഭക്തന്മാർക്ക് പിടിച്ച് നിൽക്കാനായില്ല. നാല് പേർ കൂടുന്നിടത്തൊക്കെയുള്ള മുഖ്യാസനവും, ഉപവാസവും, പതാരം കൊടുപ്പും തുടങ്ങിയ ബാഹ്യ (ഇതൊന്നും വേണ്ട എന്നു വ്യാഖ്യാനിക്കരുത്) പ്രകടനങ്ങളെക്കാൾ ആന്തരിക ശുദ്ധിക്കും സാഹോദര്യത്തിനും, മാനവികതക്കും ഊന്നൽ നൽകാൻ ക്രിസ്തു സമൂഹത്തെ പ്രബോധിപ്പിച്ചു. പ്രവൃത്തിയിലും വാക്കിലും ശക്തിയുള്ള പ്രവാചകനായിരുന്നു നസ്രായനായ യേശു. അവിടുത്തെ ലാവണ്യ വാക്കുകളും (ലൂക്കോ. 4:22) ആർദ്രതയും സാധാരണക്കാരെ ക്രിസ്തുവിലേക്ക് കൂടുതൽ അടുപ്പിച്ചു. വിശന്നവർക്ക് അപ്പം നൽകിയും സമൂഹം പുറം തള്ളിയവരെ വാത്സല്യത്തോട് തലോടിയും, ബന്ധിതർക്ക് വിമോചനം നൽകിയും, രോഗശാന്തി നൽകിയും നസ്രായൻ ജനഹൃദയങ്ങളെ കീഴടക്കി. മതം അശുദ്ധരെന്ന് മുദ്രകുത്തി പുറം തള്ളിയവരുടെ അടുത്തേക്ക് ക്രിസ്തു ആർദ്രതയോടെ ചെന്ന് അവരെ തലോടി, ശുദ്ധമാക്കി. നിരാശയുടെ നീർച്ചുഴിയിൽ ആലംബഹീനരായി ഇതികർത്തവ്യ മൂഢരായി ഇരുന്നവരുടെ അടുത്ത് ക്രിസ്തു എത്തി അവരെ പിടിച്ചുയർത്തി.

ഇതിനെല്ലാം എമ്മൗസ് യാത്രക്കാർ നേർ സാക്ഷികളാണ്. കഴിഞ്ഞ കാലത്ത് ഇതൊക്കെ നടന്നു. ഇപ്പോൾ സ്ഥിതി അതല്ല. ക്രിസ്തു കൂടെയില്ല, ക്രിസ്തു വിരോധികൾ ധാരാളമാണ്. തങ്ങളുടെ നിലനിൽപു തന്നെ അപകടത്തിലാണ്. അവരുടെ ഹൃദയം കലങ്ങി മറിഞ്ഞതും, ആശങ്ക നിറഞ്ഞതും ആയിരുന്നു. വല്ലാത്ത ചിന്താക്കുഴപ്പത്തിലായിരുന്നു അവർ. പ്രത്യാശ നഷ്ടപ്പെട്ട് ദു:ഖത്തിന്റെയും നിരാശയുടെയും ചുഴിയിൽ പെട്ട് തകർന്ന സ്വപ്നങ്ങളെ കുഴിച്ചു മൂടിയവരുമായ ആ രണ്ട് യാത്രികരോടൊപ്പം യേശു ചേർന്നു നടന്നു (ലൂക്കോ. 24:16). അവരുടെ പരിഭവങ്ങളും, പരാതികളും, നൊമ്പരങ്ങളുമെല്ലാം ഒന്നൊന്നായി ചോദിച്ച് മനസിലാക്കി. അവരുടെ വേദന പ്രകടമാക്കുവാൻ യേശു അവസരം നൽകി. വേദനിക്കുന്നവരുടെ നൊമ്പരങ്ങൾ കേൾക്കുവാൻ ആളില്ലാത്തതാണ് ഇന്നിന്റെ ശാപം. സഭാ പരിപാലകർപോലും ഇതിൽ പരാജയപ്പെട്ടെന്നു തോന്നുന്നു. പ്രതീക്ഷകൾ നഷ്ടപ്പെട്ടവരോടുകൂടി അവരോട് ചേർന്നു നടക്കുന്ന യേശു. ഹാ! ഈ യേശു എത്രനല്ലവനാണ്. നമ്മുടെ ജീവിതയാത്രയിലും എത്രയോ സന്ദർഭങ്ങളിൽ നമ്മുടെ പ്രതീക്ഷകൾ നഷ്ടപ്പെട്ട് പോയിട്ടുണ്ട്. സഭാ ജീവിതത്തിൽ, കുടുംബ ജീവിതത്തിൽ, ഔദ്യോഗിക രംഗങ്ങളിൽ..... സ്വീകരിക്കേണ്ടവർ തിരസ്ക്കരിച്ചപ്പോൾ, സഹായിക്കേണ്ടവർ ഉപദ്രവിച്ചപ്പോൾ, പുഞ്ചിരിക്കേണ്ടവർ മുഖം തിരിച്ച് പോയപ്പോൾ, ന്യായമായി ലഭിക്കേണ്ടത് തട്ടി മാറ്റി മറ്റൊരാൾക്ക് നൽകിയപ്പോൾ നാം നരാശരായി, മുഖം വാടി, ഭക്ഷണം കഴിക്കാതെയായി. നമ്മുടെ സങ്കടങ്ങൾ കേൾക്കുന്നതിനോ മനസിലാക്കുന്നതിനോ പോലും ആരും ഇല്ലാതെയായി. പകരം കുറ്റപ്പെടുത്തലുൾ മാത്രം. നാം അറിയാതെ നിലവിളിച്ചു. ദൈവമേ എത്രത്തോളം! ആശകൾ നഷ്ടപ്പെടുമ്പോഴും കർത്താവ് നമ്മോടു കൂടെയുണ്ട്. അവിടുന്നാണ് പറഞ്ഞിരിക്കുന്നത് ഞാൻ നിന്നെ ഒരു നാളും തള്ളിക്കളയുകയില്ല, ഉപേക്ഷിക്കുകയില്ല എന്ന്. ക്രിസ്തു അവരോടൊപ്പം സഞ്ചരിക്കുകയും അവരോടൊപ്പം പാർക്കുകയും ചെയ്തു. അവരുമായി ഭക്ഷണത്തിന് ഇരിക്കുമ്പോൾ അവർ അവർക്ക് അപ്പം നുറുക്കി നൽകി. ക്രിസ്തുവുമായുള്ള ആഴമായ കൂട്ടായ്മാബന്ധം അവരുടെ അകക്കണ്ണുകളെ തുറപ്പിച്ചു. തിരുവെഴുത്തുകളെ ശരിയായ വിധത്തിൽ വ്യാഖ്യാനിച്ചപ്പോൾ യാത്രികരുടെ മനോഭാവത്തിന് വ്യതിചലനം ഉണ്ടായി. വിഷാദത്തിന്റെയും വേദനയുടെയും വേരുകൾ വചനം പിഴുതെറിയും. സംശയത്തോടും ആശങ്കയോടും നിന്നവരോട് ക്രിസ്തു പറഞ്ഞവാക്ക് നമുക്ക് ഊർജ്ജം നൽകുന്നതാണ്.

ഞാൻ തന്നെ ആകുന്നു (ലൂക്കോ. 24:39) എന്നാണ് അതിന്റെ അർത്ഥം. നിങ്ങൾ പ്രതീക്ഷ അർപ്പിച്ച ക്രിസ്തു തന്നെയാണ് ഞാൻ. ഞാൻ ഇപ്പോഴും ജീവിച്ചിരിക്കുന്നു. നിങ്ങളോട് പറഞ്ഞതുപോലും ഒരു നാളും നിങ്ങളെ ഉപേക്ഷിക്കുകയില്ല. സാഹചര്യങ്ങളെല്ലാം ചിലപ്പോഴെങ്കിലും നമുക്ക് പ്രതികൂലമാകും. അവ ഹ്യസ്വമോ ദീർഘമോ ആയിരിക്കാം. കൂരിരുട്ടിലൂടെ നാം സഞ്ചരിക്കേണ്ടി വന്നേക്കാം. കണ്ണുനീരുകൊണ്ട് തലയിണകൾ നനഞ്ഞുറങ്ങിയ എത്രയോ രാവുകൾ! ഏകരായി ഭാരം വലിച്ചു തളർന്നു വീണ എത്ര ദിവസങ്ങൾ! അപ്പോഴെല്ലാം കർത്താവ് നമ്മോട് ചേർന്ന് നടന്നു. അവിടുന്ന് നമ്മെ കുറ്റപ്പെടുത്തിയില്ല, ശാസിച്ചില്ല ആർദ്രതയോടെ നമ്മെ പ്രോത്സാസാഹിപ്പിച്ചു. ആരവാരവും, ഗത്ശമനയും, ക്രൂശീകരണവും ക്രിസ്തുവിന്റെ ജീവിതം തകർത്തെറിഞ്ഞില്ല. അവയെല്ലാം താൽക്കാലികം മാത്രമായിരുന്നു. പുന:രുഥാനത്തിന്റെ ശക്തി എന്നേക്കും ഉള്ളതാണ്. പുനരുത്ഥാനം നമുക്ക് പ്രതീക്ഷയും സന്തോഷവും നൽകുന്നതാണ്. ഇതാ എന്റെ കൈകൾ ഈ കൈകളുടെ ബലം ക്രൂശീകരണത്തിലൂടെ ചോർന്നു പോയിട്ടില്ല. ഇന്നും നിങ്ങളെ നടത്തുവാൻ ശക്തിയുള്ളതാണ്. വാടിയ മുഖത്തോടു കൂടി യാത്ര തുടങ്ങിയവർ മഹാ സന്തോഷത്തോടെയാണ് യെരുശലേമിലേക്ക് മടങ്ങി പോയത്. ക്രിസ്തു അവരെ അനുഗ്രഹിച്ചു. അരുത് മുഖം വാടരുത്, ആശങ്കപ്പെടരുത്, ഇതാ എന്റെ കൈകൾ!

> **ഒരു നാളും എന്നെ ഉപേക്ഷിക്കുകയില്ലെന്ന് പരമാർത്ഥമായവൻ ചൊല്ലീട്ടുണ്ട്. ആകാശം ഭൂമിയും ആകെ ഒഴിഞ്ഞാലും ആയവൻ വാക്കിന് ഭേദമില്ല. എന്തെല്ലാം വന്നാലും കർത്താവിൻ പിന്നാലെ സന്തോഷമായി ഞാൻ യാത്ര ചെയ്യും.**

ആ കൈകൾ ഇന്നും കുറുതായി പോയിട്ടില്ല. പീഢനങ്ങളും ആകസ്മിക മരണങ്ങളും ക്രമാതീതമായ തിരസ്ക്കരണവും ഒക്കെ ഉണ്ടാകുമ്പോൾ ഇരുളിന്റെ ശക്തി സംശയത്തിന്റെ വിത്തുകൾ ഹൃദയത്തിൽ വിതയ്ക്കും. എല്ലാറ്റിനോടും ഒരു നിസംഗതയും നിർജീവത്വവും ഉണ്ടായെന്നു വരാം. പ്രാണരക്ഷാർത്ഥം ഓടിപ്പോയ ഏലിയാവിനേയും പൊട്ടക്കിണറ്റിൽ വലിച്ചെറിഞ്ഞ യോസഫിനേയും തട്ടിയുണർത്തി പിടിച്ചുയർത്തിയത് ഈ കരങ്ങൾ തന്നെയായിരുന്നു. ദൈവജനത്തിനും ദൈവസഭയ്ക്കും വേണ്ടി ദൈവിക കരങ്ങൾ ഇന്നും സജീവമാണ്. ബലഹീനനായ താങ്കളെ ആ കരം താങ്ങി നടത്തും. ഉള്ളിൽ ഒതുക്കിയ നൊമ്പരങ്ങൾ കണ്ണീർ ചാലുകളായി ഒഴുകുമ്പോൾ അവിടുന്ന് നമ്മുടെ കണ്ണുനീർ തുടക്കും. ഏഴുമൈൽ അല്ല, എത്ര സംവത്സരങ്ങൾ ആയാളും അവിടുന്ന് നമ്മോടു കൂടെയുണ്ട്. അതാണ് നമ്മുടെ ബലം. എല്ലാവരും കണ്ടും കാണാതെയും പോകുമ്പോഴും കർത്താവ് നമ്മെ കാണുന്നു. നമ്മോടു ചേർന്ന് നടക്കുന്നു.

ഒരു നാളും എന്നെ ഉപേക്ഷിക്കുകയില്ലെന്ന് പരമാർത്ഥമായവൻ ചൊല്ലീട്ടുണ്ട്. ആകാശം ഭൂമിയും ആകെ ഒഴിഞ്ഞാലും ആയവൻ വാക്കിന് ഭേദമില്ല. എന്തെല്ലാം വന്നാലും കർത്താവിൻ പിന്നാലെ സന്തോഷമായി ഞാൻ യാത്ര ചെയ്യും.

**വരിസംഖ്യയും മേൽവിലാസവും പുതുക്കുക**

The Editor, Sworgeeya Dwoni, P.O. Box. 35, Adoor Shopping Complex, K.S.R.T.C Jn., Adoor691 523
Sworgeeyadwoni, A/C No. 10420200004867, IFSC Code: FDRL 0001042, Federal Bank, Adoor.
Google pay No. 9447593865. Name : Finny P Mathew



## സെന്റർ ഭാരവാഹികൾ



**കോട്ടയം:** ഐപിസി കോട്ടയം സൗത്ത് സെന്റർ പൊതുയോഗം പ്രസിഡന്റ് പാസ്റ്റർ ജോയി ഫിലിപ്പിന്റെ അദ്ധ്യക്ഷതയിൽ പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു.

പാസ്റ്റർ വിൻസി ജി ഫിലിപ്പ് (വൈസ് പ്രസിഡന്റ്), പാസ്റ്റർ സുധീർ വറുഗീസ് (സെക്രട്ടറി), ചെറിയാൻ പി. കുരുവിള (ജോ. സെക്രട്ടറി), ബെന്നി പുള്ളോലിക്കൽ (ട്രഷറാർ) എന്നിവരെയും കമ്മറ്റി അംഗങ്ങളായി പാസ്റ്റർമാരായ കെ.യു ജോൺ, ഷാൻസ് ബേബി, ജോർജ് ജോസഫ്, ജയിക്കബ് വറുഗീസ്, പി.വൈ. ജോസഫ്, എൻ.ജെ. മാത്തുക്കുട്ടി, തോമസ് ചെറിയാൻ, രെൻജു തരകനെയും സഹോദരൻമാരായ ജോയി താനവേലി, സഞ്ചു എബ്രഹാം, ഗ്ലാഡ്സൺ ജയിക്കബ്, മനു കെ. ജോൺ, സാം കുര്യൻ, ബോബി തോമസ്, ചെറിയാൻ ജോസഫ്, ബിബിൻ പുന്നൂസ് എന്നിവരെയും തെരഞ്ഞെടുത്തു.



**പെരിന്തൽമണ്ണ:** ഐപിസി പെരിന്തൽമണ്ണ സെന്ററിന്റെ ജനറൽ ബോഡി ഏപ്രിൽ 19 ന് തേലേക്കാട് ഗ്രയ്സ് ഇംഗ്ലീഷ് മീഡിയം സ്കൂളിൽ പാസ്റ്റർ ബിജോയ് കുര്യാക്കോസിൻറ അദ്ധ്യക്ഷതയിൽ നടന്നു. പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു.

പാസ്റ്റർ ബീജോയ് കുര്യാക്കോസ് (പ്രസിഡന്റ്), പാസ്റ്റർ സജി ചാക്കോ (വൈസ് പ്രസി), പാസ്റ്റർ അനീഷ് തോമസ് സ്കറിയ(സെക്രട്ടറി), പാസ്റ്റർ ഷാജി പി തോമസ്,ജോസഫ് തേലേക്കാട് (ജോ. സെക്രട്ടറിമാർ), സജി ടി.വൈ (ട്രഷറർ) എന്നിവരെയും വിവിധ ബോർഡുകളിലേക്ക് ഇവാഞ്ചിലിസം ബോർഡ് : പാസ്റ്റർ റൊണാൾഡ് റോയ്, പബ്ലിസിറ്റി കൺവീനർ : പാസ്റ്റർ റെജി.ഒ.സി. പ്രെയർ ബോർഡ് : പാസ്റ്റർ സി. പി.തോമസ്കുട്ടി, പിവൈപിഎ പ്രസിഡന്റ് : ഇവാ. ജോജി മാത്യു, സണ്ടേസ്കൂൾ സൂപ്പർണ്ട്: പാസ്റ്റർ സന്തോഷ് ടി.എൽ എന്നിവരെയും കമ്മിറ്റി അംഗങ്ങളായി റോയ് ജോർജ്(അലനല്ലൂർ), ആനന്ദ് അനിൽ (വണ്ടൂർ), മത്തായി (വട്ടംമ്പലം) കെ.എം ബേബി (വിളയൂർ) എന്നിവർ ഉൾപ്പെടുന്ന 15 അംഗ കമ്മിയെയും തെരഞ്ഞെടുത്തു.

## ഖത്തർ മലയാളി പെന്തെക്കോസ്തൽ കോൺഗ്രിഗേഷന് പുതിയ ഭാരവാഹികൾ

**ദോഹ:** ഖത്തറിലെ പെന്തെക്കോസ്തു സഭകളുടെ ഐക്യവേദിയായ ഖത്തർ മലയാളി പെന്തെക്കോസ്തൽ കോൺഗ്രിഗേഷൻ 2025-26 പ്രവർത്തന വർഷത്തിലേക്ക് പുതിയ നേതൃത്വത്തെ തിരഞ്ഞെടുത്തു. പാസ്റ്റർ സന്തോഷ് തോമസിന്റെ അധ്യക്ഷതയിൽ ഐപിസി ശാലേം ചർച്ചിൽ നടന്ന വാർഷിക ജനറൽബോഡിയിൽ സെക്രട്ടറി, മാത്യു പി മത്തായി 2024-25 പ്രവർത്തനകാലയളവിലെ റിപ്പോർട്ടും ട്രഷറർ ബ്രദർ ഷിബു മാത്യു, വരവ് ചെലവും അവതരിപ്പിച്ചു. വി.ബി.എസ് കോർഡിനേറ്റർ പാസ്റ്റർ ജോസ് ബേബി വി.ബി എസ് പ്രവർത്തനങ്ങൾ വിലയിരുത്തി. തുടർന്ന് 2025-26 പ്രവർത്തന വർഷത്തേക്കുള്ള പുതിയ ഭരണസമിതിയെ ജനറൽ ബോഡി തെരഞ്ഞെടുത്തു.



പാസ്റ്റർ സാം റ്റി. ജോർജ് (പ്രസിഡൻറ്), ബ്രദർ ബിജോ മാത്യു എബ്രഹാം (സെക്രട്ടറി), ബ്രദർ കെൻ അൽഫോൺസ് (ജോ. സെക്രട്ടറി), ബ്രദർ ജോജിൻ വി. മാത്യു (ട്രഷറർ), പാസ്റ്റർ ജോസ് ബേബി (പാസ്റ്റേഴ്സ് കൗൺസിൽ സെക്രട്ടറി), പാസ്റ്റർ സജി തോമസ് (ഗുഡ് സമരിറ്റെൻ കോഡിനേറ്റർ), പാസ്റ്റർ ജോർജ് മാത്യു (വി.ബി.എസ് കോഡിനേറ്റർ), ബ്രദർ ജിജോമോൻ കുര്യാക്കോസ് (ഓഡിറ്റർ) എന്നിവരാണ് എക്സിക്യൂട്ടിവ് അംഗങ്ങൾ. പുതിയ ഭാരവാഹികൾക്കായ് പാസ്റ്റർ എൻ.ഒ. ഇടിക്കുള പ്രാർത്ഥിച്ചു.

## വൈ.പി.സി.എ മലബാർ സോണൽ ക്യാമ്പ്

വയനാട്: വൈ.പി.സി.എ മലബാർ സോണൽ ക്യാമ്പ് എപ്രിൽ 17,18,19 തീയതികളിൽ വയനാട് കളജഎ ക്യാമ്പ് സെന്ററിൽ നടന്നു. ന്യൂ ഇന്ത്യ ചർച്ച് ഓഫ് ഗോഡ് പാലക്കാട് സെന്റർ മിനിസ്റ്റർ പാസ്റ്റർ തോമസ് വർഗീസ് ഉത്ഘാടനം ചെയ്തു. വിവിധ സെക്ഷനുകളിലായി പാസ്റ്റർമാരായ അനീഷ് തോമസ്, സാം ജോൺ തോമസ്, ടിജോ കെ. തോമസ്, വൈ.പി.സി.എ ഭാരവാഹികളായ രുഫോസ് ജോൺ, സിബി കുരിയൻ അഭിഷേക് ചാക്കോ എന്നിവരും, ഫെബിൻ ജോസ് തോമസ് കജട, ജെറമിയ പി. എബി എന്നിവരും ക്ലാസ്സുകൾക്ക് നേതൃത്വം നൽകി . ജോയൽ പടവത്ത്, ബോവസ് ജോൺ പ്രസാദ്, ശാലു പി ഷാജൻ, റിജോ, ഇവാ .ഒനേസിമസ് തുടങ്ങിയവർ ആരാധനയ്ക്കു നേതൃത്വം നൽകി. ക്യാമ്പിനോട് അനുബന്ധിച്ചു ടീം തിരിച്ചു ടാലെന്റ്റ് നൈറ്റ്, ഗയിംസ് എന്നിവ സംഘടിപ്പിച്ചു.

വൈ.പി.സി.എ സ്റ്റേറ്റ് ഭാരവാഹികളായ ഷൈജൻ ടി.എ, പ്രസ്റ്റർ ജയരാജ് എൻ.ആർ, മലബാർ സോൺ വൈ.പി.സി.എ സെക്രട്ടറിമാർ, ജനറൽ സ്റ്റേറ്റ് ഭാരവാഹികൾ വിവിധ സെഷനുകൾക്ക് നേതൃത്വം വഹിച്ചു. ന്യൂ ഇന്ത്യ ചർച്ച് ഓഫ് ഗോഡ് വയനാട് സെന്റർ മിനിസ്റ്റർ പാസ്റ്റർ രാജു ജോർജ് പ്രാർത്ഥിച്ചു ആശിർവാദം പറഞ്ഞു.

**വരിസംഖ്യയും മേൽവിലാസവും പുതുക്കുക**

The Editor, Sworgeeya Dwoni, P.O. Box. 35,
Adoor Shopping Complex, K.S.R.T.C Jn.,
Adoor691 523

Sworgeeyadwoni
A/C No. 10420200004867,
IFSC Code: FDRL 0001042,
Federal Bank, Adoor.

Google pay No. 9447593865.
Name : Finny P Mathew

## പുതിയ ആകാശവും പുതിയ ഭൂമിയും, യിസ്രായേലിന്റെ വാഗ്ദത്ത ഭൂമി

(3-ാം പേജ് തുടർച്ച)

ക്കാരെയും രണ്ട് കൂട്ടരായിട്ടാണല്ലോ അവിടെ പറയുന്നത്. അതിലെ നായ്ക്കൾ ആരാണെന്ന് ആദ്യം അന്വേഷിക്കാം. പഴയനിയമത്തിൽ പറയപ്പെടുന്ന നായ്ക്കളുടെ പിൻഗാമികളാണ് പുതിയ നിയമ സഭയിൽ ആദ്യം കടന്നു കയറിയത് എന്നുള്ളതിൽ തർക്കത്തിന് ന്യായമില്ല. ന്യായപ്രമാണ തൽപരരായ നിരവധി യെഹൂദന്മാർ ആദിമ സഭയിലുണ്ടായിരുന്നു. അവരുടെ പ്രധാന വിഷയം മക്കളെ പരിഛേദന കഴിക്കണമെന്നതായിരുന്നു (അപ്പോ. 21:20) അവരെയല്ല നായ്ക്കൾ എന്നു പറയുന്നത്. അവരെ അപ്പോസ്തലന്മാർ അംഗീകരിച്ചിരുന്നു ബി.സി. 3-1 വരെ നൂറ്റാണ്ടുകളിൽ നിരവധി ഗ്രീക്ക് മതാചാരങ്ങൾ യെഹൂദ മതത്തിൽ പ്രവേശിച്ചു. അന്നത്തെ യെഹൂദ മതത്തെ Hellenic Judaism, Plettonic Judaism എന്നിങ്ങനെ ചരിത്രകാരന്മാർ വിശേഷിപ്പിച്ചിട്ടുണ്ട്. ആദിമസഭയിൽ പ്രവേശിച്ച യെഹൂദന്മാരിൽ അധികവും അവരിൽപ്പെട്ടവരായിരുന്നു. ഗ്രീക്ക് ദേവതകളിൽ പ്രധാനപ്പെട്ടതായിരുന്നു മുകളിൽ പറയപ്പെട്ട അശേര. അവൾക്ക് വിവിധ മറുനാമങ്ങൾ ഉണ്ടായിരുന്നു. അതിൽ പ്രധാന നാമങ്ങളായിരുന്നു അസ്തൊരേത്ത്, അന്നത് എന്നിവ. അവയുടെ പൂജകൾ മ്ലേച്ഛ പൂർണ്ണമായിരുന്നു. ഒരുതരം കാമ പൂജയായിരുന്നു അത്. അത്തരം പൂജാരികളിൽ നിന്നും സഭയിൽ നുഴഞ്ഞു കയറിയവരെക്കുറിച്ചാണ് അപ്പോസ്തോലന്മാരായ പത്രോസു യൂദായും പരാമർശിക്കുന്നത് (2പത്രോ. 2. അ.) യൂദായുടെ ലേഖനം എ.ഡി. രണ്ടാം നൂറ്റാണ്ടിൽ തന്നെ സഭ അവരുടെ അധീനതയിലായി. സെറാംപൂർ യൂണിവേഴ്സിറ്റിയുടെ പ്രിൻസിപ്പാളായിരുന്ന റവ. ഡോ. സി.ഇ. ഏബ്രഹാം എം.എ, ഡി.ഡി. അതേപറ്റി എഴുതിയിരിക്കുന്നത്:-

'നോസ്റ്റിക് അഭിപ്രായങ്ങളുമായുള്ള സമരത്തിന്റെ ഫലമായി സഭയുടെ ഘടന കൂടുതൽ ദൃഢീകരിച്ച് ശക്തിപ്പെട്ടതോടുകൂടെ അതിന്റെ ആത്മീക ദർശനം മങ്ങി തുടങ്ങുകയും കാലക്രമേണ ബിഷപ്പുമാർ, പ്രസ്ബിറ്ററന്മാർ ആദിയായവരുടെ സ്ഥാനങ്ങൾ കൂട്ടിക്കൊളുത്തിയ ഭീമമായ ഒരു ഭരണയന്ത്രമായി സഭ രൂപപ്പെടുകയും ചെയ്തു. ഇങ്ങനെയുള്ള ഒരു ഭരണകൂടത്തെ ക്രിസ്തുമയമാക്കുന്നതിനുള്ള ശ്രമം വിഫലമെന്ന് കണ്ട് ആത്മിക സ്വാതന്ത്ര്യവും തീഷ്ണതയും കത്തിജ്വലിക്കുന്ന ഒരു ക്രിസ്തീയ സഹോദര സംഘം സൃഷ്ടിക്കുന്നതിനാണ് മൊണ്ടേനസ് പ്രഭൃതികൾ ഉദ്യമിച്ചത്' (സഭാചരിത്ര സംഗ്രഹം പേജ്. 44,45. (മൊണ്ടേനസിന്റെ സഭാ പ്രവർത്തന കാലം എ.ഡി. 156-180)

ഒന്നാം നൂറ്റാണ്ടിൽ സഭയിൽ നുഴഞ്ഞു കയറിയ ദുരുപദേഷ്ടാക്കന്മാർ ലൈംഗിക അരാജകത്വം സഭയിൽ പ്രവേശിപ്പിച്ചതിനെപറ്റി അപ്പോസ്തോലന്മാർ എഴുതിയിരിക്കുന്നതിനെപറ്റി മുകളിൽ സൂചിപ്പിച്ചല്ലോ. അതിനെ കയീന്റെ വഴി എന്ന് വി. പത്രോസും യൂദായും പറഞ്ഞിട്ടുണ്ട് (2പത്രോ. 2:15; യൂദാ 11). പെർഗമോസിലെ സഭയിൽ അക്കൂട്ടർ സ്ഥാനം പിടിച്ചിരുന്നു (വെളി. 2:14). തൂയഥൈരയിലെ സഭയ്ക്കുള്ള ദൂതിൽ ബിലെയാമിന്റെ പേര് പറയുന്നില്ലെങ്കിലും അവിടെ വ്യഭിചാരിണിയായ ഒരു സ്ത്രീ പ്രവാചകി എന്ന പേരിൽ സഭയിൽ സ്വാധീം ഉറപ്പിച്ച് പലരേയും ദുർന്നടപ്പിൽ കുടുക്കിയിരുന്നു എന്ന ദൂതിൽ വ്യക്തമായി പറയുന്നു. രണ്ടാം നൂറ്റാണ്ടിൽ അവർ സഭയെ കീഴടക്കി.

അന്നു മുതൽ ഇന്നുവരെ സഭയിൽ കയറിക്കൂടിയ പുറജാതീയ ആചാരാനുഷ്ഠാനങ്ങളെപറ്റി പരാമർശിക്കണമെങ്കിൽ അതിന് ഒരു വലിയ പുസ്തകം വേണ്ടി വരും, അതിന് തയ്യാറാകുന്നില്ല. വേദപുസ്തകം ആധാരമാക്കേണ്ടതില്ല; സഭയുടെ ആചാരാനുഷ്ഠാനങ്ങൾ തീരുമാനിക്കാനുള്ള അധികാരം സഭയ്ക്കുണ്ടെന്നതാണ് പൗരോഹിത്യ സഭകളുടെ സിദ്ധാന്തം. അത്തരം സഭകൾ ക്രിസ്തു നാമം ഉപയോഗിക്കുന്നതിന്റെ ഔചിത്യം എന്ത്? വേദപുസ്തകത്തോടൊപ്പം പാരമ്പര്യവും അനുഷ്ഠിക്കേണ്ടതുണ്ടെന്ന് പഠിപ്പിക്കുന്ന സഭകളുമുണ്ട്. അവർ ദൈവവചനത്തിൽ കൂട്ടു ചേർക്കുന്നവരാണ്. വേദപുസ്തകം മാത്രമാണ് തങ്ങളുടെ വിശ്വാസത്തിനും അനുഷ്ഠാനങ്ങൾക്കും ആധാരം എന്ന് പ്രഖ്യാപിച്ചിട്ടുള്ളവരാണ് പെന്തെക്കോസ്തർ. ഇപ്പോൾ അവരും വേദവിരുദ്ധ ഉപദേശങ്ങളും അനുഷ്ഠാനങ്ങളുമുണ്ടെന്ന് മാത്രമല്ല ബിലെയാമിന്റെ അനുകാരികളും അവരുടെ ആരാധകരും ഒട്ടും കുറവല്ല എന്നതാണ് വസ്തുത. അവരെല്ലാം നായ്ക്കൾ എന്ന നാമത്തിന് അർഹരാണ്. അവരാരും പുതിയ ഭൂമിയിൽ പ്രവേശിക്കയില്ല. (തുടരും)



# മലയാളി പെന്തെക്കോസ്തൽ അസ്സോസിയേഷൻ യു.കെ ഭാരവാഹികൾ



**യു.കെ:** യു.കെ മലയാളി പെന്തക്കോസ്ത് സമൂഹത്തിന്റെ ഐക്യ കൂട്ടായ്മയായ മലയാളി പെന്തക്കോസ്ത് അസ്സോസിയേഷൻ 2025 – 2027 വർഷത്തേക്കുള്ള പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. പാസ്റ്റർ ജെയിംസ് ശാമുവേൽ (പ്രസിഡ്), പാസ്റ്റർ പി.സി. സേവ്യർ (വൈസ് പ്രസിഡന്റ്), പാസ്റ്റർ ജിനു മാത്യൂ (സെക്രട്ടറി), പാസ്റ്റർ ബിജു ദാനിയേൽ (ജോയിന്റ് സെക്രട്ടറി), പാസ്റ്റർ റോജി രാജു (ട്രഷറർ) എന്നിവരാണ് ഭാരവാഹികൾ.

# ഷാർജ ഐപിസി സിൽവർ ജൂബിലി നിറവിൽ



**ഷാർജ:** ഐപിസി വർഷിപ്പ് സെന്ററിന്റെ സിൽവർ ജൂബിലി നിറവിൽ ജൂബിലി ലോഗോ പ്രകാശനം ഐപിസി യുഎഇ റീജിയൻ പ്രസിഡന്റും സഭയുടെ സീനിയർ പാസ്റ്ററുമായ റവ. ഡോ. വിൽസൺ ജോസഫ് നിർവഹിച്ചു. ഒരു വർഷത്തോളം നീളുന്ന സിൽവർ ജൂബിലിക്ക് ഔദ്യോഗിക തുടക്കം കുറിച്ച്, സഭ ജീവകാരുണ്യ സേവന പ്രവർത്തനങ്ങൾക്കും നേതൃത്വമൊരുക്കുമെന്ന് റവ. ഡോ. വിൽസൺ ജോസഫ് അറിയിച്ചു. 2025 ഒക്ടോബർ 6 മുതൽ 8 വരെ ഷാർജ വർഷിപ്പ് സെന്ററിൽ സിൽവർ ജൂബിലി കൺവെൻഷൻ നടക്കും. കൂടാതെ, 2026 ജനുവരി 31–ന് സിൽവർ ജൂബിലി പ്രധാന പൊതുസമ്മേളനം സംഘടിപ്പിക്കും. ലോഗോ പ്രകാശന ചടങ്ങിൽ അസോസിയേറ്റ് പാസ്റ്റർ റവ. റോയി ജോർജ്, സെക്രട്ടറി പി.വി. രാജു, പബ്ലിസിറ്റി കൺവീനർ ജോൺ വിനോദ് സാം, സഭ കൗൺസിൽ അംഗങ്ങൾ തുടങ്ങിയവരും പങ്കെടുത്തു.

# പുസ്തക പ്രകാശനം



അമ്മുക്കുട്ടി ജോൺ കാനഡ എഴുതിയ എന്റെ വിശ്വാസ ജീവിത പോരാട്ടങ്ങളും അത്ഭുതങ്ങളും എന്ന പുസ്തകത്തിന്റെ പ്രകാശനം കെസിഎ സീനിയർ പാസ്റ്റർ സ്റ്റീവ് ജോർജ് യൂത്ത് പാസ്റ്റർ ജോനാഥൻ സാമുവലിന് നൽകി പ്രകാശനം ചെയ്യുന്നു. ഗ്രന്ഥകാരി അമ്മുക്കുട്ടി ജോൺ ഭർത്താവ് റവ. വർഗീസ് ജോൺ, ജോനാഥൻ സാമുവൽ യൂത്ത് പാസ്റ്റർ, സ്റ്റീവ് ജോർജ് സീനിയർ പാസ്റ്റർ., ലാൽ മാത്യു ട്രഷറർ., ഏലിയാസ് ജോസഫ്, അഡ്മിനിസ്ട്രേറ്റർ, റവ. വർഗീസ് ജോൺ, ഗ്രന്ഥകാരി അമ്മുക്കുട്ടിജോൺ. പാസ്റ്റർ ജോൺസൺ ജോർജ്, ജോയ്സം ജേക്കബ്, തോമസ് ജേക്കബ് സെക്രട്ടറി, ഷാരോൺ ജേക്കബ് തുടങ്ങിയവർ

# പിസിഐ ദേശീയ സമിതിക്ക് നവനേതൃത്വം

(1–ാം പേജ് തുടർച്ച)

ജോണി (എജി സഭ സൗത്ത് ഇന്ത്യ മിഷൻ ഡയറക്ടർ), നാഷണൽ കോ-ഓർഡിനേറ്റർ: അജി കുളങ്ങര (ചർച്ച് ഓഫ് ഗോഡ് ബിലിവേഴ്സ് ബോർഡ് ജോയിന്റ് സെക്രട്ടറി), കൺവീനർമാർ: പാസ്റ്റർ എം.കെ.കരുണാകരൻ (പ്രെയർ ബോർഡ്), പി.ഡി.വർഗീസ് ചെന്നൈ ( ചാരിറ്റി ബോർഡ്), ബ്ലസിൻ ജോൺ മലയിൽ (മീഡിയ), നാഷണൽ എക്സിക്യൂട്ടീവ് കൗൺസിൽ അംഗങ്ങൾ: പാസ്റ്റർമാരായ തോമസ് വർഗീസ്, ഷാജി ആലുവിള, കെ.ഒ.ജോൺസൻ, ടി.വൈ.ജോൺസൻ, ജിജി ചാക്കോ, നോബിൾ പി.തോമസ്, ജെയ്സ് പാണ്ടനാട്, ഫിന്നി പി.മാത്യു, സാബു ചാപ്രത്ത്, ഏബ്രഹാം മന്ദമരുതി, തോമസ് എം.പുളിവേലിൽ, ജെയിംസ് വി.ഫിലിപ്പ്, അലക്സ് ജോൺ, മാത്യു ബേബി, വിജോയ് ജോൺ. പാസ്റ്റർ കെ.എ.ഉമ്മൻ അധ്യക്ഷത വഹിച്ചു. സമൂഹത്തിൽ ധാർമിക മൂല്യങ്ങൾ വർദ്ധിപ്പിക്കാൻ സ്കൂൾ പാഠ്യപദ്ധതിയിൽ ബൈബിൾ പാഠങ്ങളും ഉൾപ്പെടുത്തണമെന്നും ലഹരിക്കെതിരെ ശക്തമായ നടപടികൾ സർക്കാരിന്റെ ഭാഗത്ത് നിന്നുണ്ടാകണമെന്നും പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു.

# പിവൈപിഎ പ്രവർത്തനങ്ങൾ ശ്രദ്ധേയമാണ്: ചാണ്ടി ഉമ്മൻ എംഎൽഎ



**തിരുവല്ല:** സംസ്ഥാന പിവൈപിഎയുടെ ലഹരിക്കെതിരെയുള്ള ബോധവൽക്കരണ പദ്ധതികളുടെ കഴിവ് 2025 സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു ശ്രീ ചാണ്ടി ഉമ്മൻ. ഈ കാലഘട്ടത്തിൽ ലഹരിക്കെതിരെ പ്രവർത്തിക്കാനും പ്രതിരോധം തീർക്കാനും പെന്തെക്കോസ്ത് യുവജന സംഘടന കാണിക്കുന്ന ഊർജ്ജവും ഉത്സാഹവും ശ്ലാഘനീയമാണെന്ന് അദ്ദേഹം കൂട്ടി ചേർത്തു. തുടർന്ന് കേരളത്തിന്റെ വിവിധ ജില്ലകളിൽ നിന്നും വന്ന ആയിരക്കണക്കിന് യുവജനങ്ങൾക്ക് ലഹരി വിരുദ്ധ പ്രതിജ്ഞാ വാചകം ചൊല്ലിക്കൊടുത്തു.

സംസ്ഥാന സെക്രട്ടറി ജസ്റ്റിൻ നെടുവേലിൽ അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ മുൻ പിവൈപിഎ പ്രസിഡന്റുമാരായിരുന്ന സുധി ഏബ്രഹാം കല്ലുങ്കൽ, പാസ്റ്റർ അജു അലക്സ്, പാസ്റ്റർ വിൽസൺ സാമുവേൽ എന്നിവർ വിവിധ പ്രോഗ്രാമുകളുടെ ഉദ്ഘാടനം നിർവഹിച്ചു.

സംസ്ഥാന ആക്ടിംഗ് പ്രസിഡന്റ് ഇവാ. മോൻസി പി. മാമ്മൻ കഴി പോജെക്ടിനെ പറ്റി വിശദീകരിച്ചു. സംസ്ഥാന ജോയിന്റ് സെക്രട്ടറിമാരായിരിക്കുന്ന സന്ദീപ് വിളമ്പുകണ്ടം സ്വാഗതവും ലിജോ സാമുവേൽ നന്ദിയും പ്രകാശിപ്പിച്ചു.

സംസ്ഥാന വൈസ് പ്രസിഡന്റ് ബ്ലെസൻ ബാബു, സ്ഥാന പബ്ലിസിറ്റി കൺവീനർ ബിബിൻ കല്ലുങ്കൽ, ജനറൽ കോർഡിനേറ്റർ ജോസി പ്ലാത്താനത്ത്, സമിതി അംഗങ്ങളായ ആശിഷ് വർഗീസ്, ഗ്ലാഡ്വിൻ സാം, പ്രത്യാശ് ജോർജ്കുട്ടി, പാസ്റ്റർ അഖിൽ വർഗീസ്, എബി മലവിള, സുബിൻ ആലഞ്ചേരി സഭാ കൗൺസിൽ അംഗങ്ങളായ ബോബി തോമസ്, ഷെറിൻ കാഹളം, റോബിൻ ആർ.ആർ. എന്നിവർ ആശംസകൾ അറിയിച്ചു.

# വേർപാടുകൾ

### പാസ്റ്റർ സാംകുട്ടി നൈനാൻ



തിരുവല്ല: ഐപിസി കല്ലുങ്കൽ സഭാ ശുശ്രൂഷകൻ പാസ്റ്റർ സാംകുട്ടി നൈനാൻ (63) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. സംസ്കാരം ഐപിസി തട്ടയ്ക്കാട് സഭാ സെമിത്തേരിയിൽ നടത്തി.

കങ്ങഴ നടുപ്പറമ്പിൽ കുടുംബാംഗമാണ്. ഭാര്യ: സാലി സാംകുട്ടി. മക്കൾ: ടിജോ (കുവൈറ്റ്), ടെസി. മരുമക്കൾ: നിയ, സനോഹ.

### പൊന്നമ്മ ലൂക്കോസ് (80)



കൊട്ടാരക്കര: ഐപിസി പനയറ താബോർ സഭാംഗവും ഐപിസി ശുശ്രൂഷകൻ പാസ്റ്റർ സാജൻ ഈശോയുടെ ഭാര്യ മാതാവ് പനയറ പാറവിള പൊന്നമ്മ ലൂക്കോസ് (80) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. സംസ്കാര ശുശ്രൂഷ മെയ് 1 ന് ഐപിസി ഉമ്മന്നൂർ (പനയ) സെമിത്തേരിയിൽ നടത്തി. ഭർത്താവ്: പരേതനായ ലൂക്കോസ് പാറവിള. മക്കൾ: പാപ്പച്ചൻ, ജോയിമോൻ, മോളമ്മ, മിനിമോൾ, സുനി. മരുമക്കൾ: ഗ്രേസി, ജൂലി, രാജൻ, പാസ്റ്റർ സാജൻ ഈശോ, ബോവസ്

### ലിജു ജോൺ (47)



അടൂർ: മണക്കാല ഐപിസി ശാലേം സഭാംഗം നെല്ലിമുകൾ ചക്കിമുക്ക് പെനിയേൽ വീട്ടിൽ ലിജു ജോൺ (47) നിര്യാതനായി. മൃതശരീരം ഭവനത്തിൽ പൊതു ദർശനത്തിനും മണക്കാല ഐപിസി ശാലേം സഭാ ഹാളിൽ നടക്കുന്ന ശുശ്രൂഷക്കുംശേഷം സഭാ സെമിത്തേരിയിൽ സംസ്കാരം നടത്തും. ഭാര്യ: സീനാ ലിജു (തിരുവനന്തപുരം).

### മാത്യു കെ. വർഗീസ് (കുഞ്ഞുമോൻ 79)



ഫിലാഡൽഫിയ: കപ്പമാമൂട്ടിൽ പരേതരായ കെ.എ. വർഗീസ്, മറിയാമ്മ വർഗീസ്സിന്റെയും മകൻ മാത്യു കെ. വർഗീസ് (79) നിര്യാതനായി. ഫിലഡൽഫിയ ഗ്രേയ്സ് പെന്തെക്കോസ്തൽ സഭാംഗമാണ്. ഭൗതീക ശരീരം മേയ് 3 ശനിയാഴ്ച്ച രാവിലെ 8:30–12 വരെ എബനേസർ ചർച്ച് ഓഫ് ഗോഡ്, 2605 വെൽഷ് റോഡ്, ഫിലാഡൽഫിയ. അനുസ് മരണ സമ്മേളനവും, സംസ്കാര ശുശ്രൂഷകളും നടത്തിയ ശേഷം ഫോറെസ്റ്റ് ഹിൽ സെമിത്തേരി, 101 ബൈബറി റോഡ്, ഹണ്ടിങ്ടൺ വാലി, ഫിലഡൽഫിയ സെമിത്തേരിയിൽ സംസ്കാരം നടത്തി ഭാര്യ: അന്നമ്മ വർഗീസ് മേൽപ്പാടത്ത് കാരക്കൽ കുടുംബാംഗമാണ്. മക്കൾ: സ്റ്റീവ്, ഷെറി. മരുമക്കൾ : നിജു, പ്രിൻസ്

### തോമസ് കെ. തോമസ് (ബാബു 77)



ഹൂസ്റ്റൺ: തോമസ് കെ. തോമസ് ഹൂസ്റ്റണിൽ അന്തരിച്ചു. ചെങ്ങന്നൂർ കൊല്ലരയും പീടികയിൽ പരേതരായ കെ.റ്റി. തോമസിന്റെയും സാറാമ്മയുടെയും മകനാണ്. ഭാര്യ പരേതയായ സാറാമ്മ (ബാവ) കുഴിക്കാല കൊച്ചുമലയിൽ കുടുംബാംഗമായിരുന്നു.

മക്കൾ: ബോബി, ബിബി, ബറ്റ്സി. മരുമക്കൾ: സ്മിത, കവിത, ഫിനു. എട്ട് കൊച്ചുമക്കളുണ്ട്. സംസ്ക്കാരം ഏപ്രിൽ 17 ന് ലിവിംഗ് വാട്ടേഴ്സ് ചർച്ചിൽ നടന്നു. അമേരിക്കയിലെ അദ്യകാല കുടിയേറ്റക്കാരിൽ ഒരാളായ തോമസ് നൂറുകണക്കിന് ആളുകളെ അമേരിക്കയിൽ കൊണ്ടുവരുവാൻ സഹായിച്ചിട്ടുണ്ട്.

# അയർലന്റ് യൂത്ത് ക്യാമ്പ് സമാപിച്ചു




**കോർക്ക്:** കോർക്ക് അയർലന്റ് എബനേസർ വർഷിപ്പ് സെന്ററിന്റെ ആഭിമുഖ്യത്തിൽ നടന്ന യൂത്ത് ക്യാമ്പിനു അനുഗ്രഹ സമാപ്തി. യുവതിയുവാക്കളിൽ നവചൈതന്യവും ആത്മീയ ഉണർവ്വും സമ്മാനിച്ച യൂത്ത് ക്യാമ്പ് ഏറെ പ്രത്യേകതയുള്ളതായിരുന്നു. 'മൈ കമ്പാനിയൻ' എന്നതായിരുന്നു ചിന്താവിഷയം. പാസ്റ്റർ റെനി വെസ്ലിയും ട്രാൻസ്ഫർമേഷൻ യൂറോപ്പും ക്ലാസുകൾക്കും വിവിധ പ്രോഗ്രാമുകൾക്കും നേതൃത്വം നല്കി. EWC യൂത്ത് സെക്രട്ടറിയായി ബ്രദർ ചാൾസ് മാത്യുവും ജോയിന്റ് സെക്രട്ടറിയായി ബ്രദർ അനി സോളമനും പ്രവർത്തിക്കുന്നു. എബനേസർ വർഷിപ്പ് സെൻർ സഭ പ്രവർത്തനങ്ങൾക്ക് പാസ്റ്റർ എം എം തോമസ്, പാസ്റ്റർ കെ.പി. ബിജുമോൻ എന്നിവർ നേതൃത്വം നൽകിവരുന്നു.

# SWARGEEYADWANI

CHRISTEEYA PATHRAM

REGISTERED NEWSPAPER
PUBLISHED ON 05.05.2025

SWARGEEYADWANI
Post Box # 35. K.S.R.T.C. Jn.,
Adoor 691 523, Kerala
Tel:04734 290686, Mob.9447593865

Vol. 26 | Issue. 8 & 9 | RNI. No. KERMAL/2002/09730 | Annual Subscription 200 | Pages 8


## അകപ്പുറം




ഷാജൻ ജോൺ
ഇടയ്ക്കാട്
9946206781


# തബീഥാ കുമി

പിന്നിട്ട വർഷത്തിന്റെ ഓർമ്മകളുടെ മുറ്റത്ത് നിന്നും നാം ഇപ്പോഴും ഉൾവലിഞ്ഞു തുടങ്ങിയില്ല. അത്ര പെട്ടെന്ന് ഉൾവലിയാൻ കഴിയുന്നൊരു വർഷമല്ലല്ലോ നാം യാത്രയാക്കിയത്. വല്ലാത്ത വിസ്മയങ്ങളുടെ വർഷമായിരുന്നല്ലോ നാം പിന്നിട്ടത്. ലോകമെങ്ങും രൂപപ്പെട്ട ഭീതിയുടെ താഴ്‌വരയിൽ നിന്നും കരകയറാതെ ലോകം ഇന്നും വീർപ്പുമുട്ടുകയാണ്.

സ്വപ്നങ്ങൾ തീർത്ത് അതിലേക്ക് വിശാലമായി സഞ്ചരിച്ചിരുന്നവരുടെ വഴിത്താരയിൽ പെട്ടെന്ന് ഇരുട്ടു പരന്നു. ജീവിതത്തിലെ പ്രതീക്ഷകൾ അസ്തമിച്ചു തുടങ്ങി. ആർക്കും ആരെയും കൈപിടിച്ചെഴുന്നേല്പിക്കാൻ കഴിയാത്തവണ്ണം ആശങ്കകളുടെ മേഘപാളികൾ മനസിൽ നിരാശ പടർത്തി.

ഒരുപാടൊക്കെ ചെയ്തിരുന്നവർ പോലും ഒന്നു പകച്ചു. കൊടുക്കലിന്റെ ഒഴുക്ക് മനസില്ലാതെ കുറയ്ക്കേണ്ടി വന്നു. എത്രനാൾ ഇനി ജോലി കാണും, ശമ്പളം എന്ന് മുതൽ അസ്തമിച്ചു തുടങ്ങും, കണക്കുകൂട്ടലുകൾ ഒക്കെ കീഴ്മേൽ മറിച്ചു കൊണ്ട് വെട്ടിക്കുറക്കലുകൾ ഉണ്ടാകുമോ?? ഭയം വല്ലാതെ പിടിച്ചുലച്ചു.

മനുഷ്യരല്ലേ നാം, കുറ്റം പറയാൻ പറ്റില്ലല്ലോ. വീട്ടിലെ കാര്യങ്ങൾ, കുഞ്ഞുങ്ങളുടെ ഭാവി, രക്ഷിതാക്കളുടെ കരുതൽ അങ്ങനെ എത്രയോ ഉത്തരവാദിത്വങ്ങൾ ചുമലിലേന്തിയുള്ള ജീവിതത്തിൽ നിന്നും ഒളിച്ചോടാൻ കഴിയില്ലല്ലോ.

അങ്ങനെ ഭീതിതമായ സാഹചര്യമാണ് ചുറ്റുമുള്ളതെങ്കിലും അവയ്ക്കിടയിൽ ശോഭിതമായൊരു ജീവിതവുമായി നടന്നു നീങ്ങിയവർ അനേകം. സ്വന്തം പരിതികളും പരിമിതികളും അവഗണിച്ച് സഹജീവികളിലേക്ക് നടന്നു ചെന്നവർ. അവർ വിരിയിച്ച ആശ്വാസത്തിന്റെ തണലിൽ അഭയം ചൊല്ലിയവർ അനവധി. ജീവിതം അസ്തമിച്ചെന്നു കരുതിയിടത്താണ് ഒരു പൊതിച്ചോറോ, ഒരു പിടി അരിയോ, ഒരാശ്വാസവാക്കോ, ലഘു സാമ്പത്തിക കൂട്ടായ്മയോ ഒക്കെയായി ഓടിയെത്തി അവർ.

അപരന്റെ കണ്ണീർ തുടയ്ക്കാതെ എനിക്കെന്താശ്വാസം എന്ന നിശ്വാസമായിരുന്നു അവരുടെ നെഞ്ചിൽ.

സ്വയം കരയുവാൻ കാരണങ്ങളില്ലാഞ്ഞിട്ടല്ല, ഇല്ലായ്മയുടെ കണക്കുകൾ പരതിയാൽ ഒരു ചുവടു പോലും വയ്ക്കുവാൻ കഴിയില്ലെന്നവർക്കറിയാം. സ്വന്തത്തിലേക്ക് ചൂഴ്ന്നു നോക്കാതെ ചുറ്റുപാടും കണ്ണോടിച്ചപ്പോഴാണ് കൂടുതൽ ദയനീയമായ കാഴ്ച കരയിപ്പിച്ചു കളഞ്ഞത്. പിന്നെ ഒന്നും നോക്കിയില്ല വീട്ടിലെ ഇല്ലായ്മയെക്കാൾ ദരിദ്രമായ ചുറ്റുപാടിലേക്ക് ചാടിയിറങ്ങി.

തബീഥായും അങ്ങനെ തന്നെയായിരിക്കാം സമൂഹത്തിലേക്കിറങ്ങിയത്. ഒറ്റപ്പെട്ടവരുടെ വേദനയിലേക്കവൾ ഇറങ്ങി നടന്നു. നന്മയുടെ വഴി തുറന്നു അനേകരിലേക്ക് സഞ്ചരിച്ചു. ഓർമ്മിക്കുവാൻ ഒരു പാട് കാര്യങ്ങൾ ഓരോരുത്തർക്കും നല്കി.

കുടുംബസ്ഥരായിരുന്നവരുടെ കൂട്ട് നഷ്ടപ്പെടുമ്പോൾ ഉണ്ടാകുന്ന വേദനയുടെ തീവ്രത എത്രയോ അഗാധമായിരിക്കും. വിധവകളായി തീരുന്നവരുടെ നൊമ്പരങ്ങളിലേക്ക് അവൾ ഇറങ്ങി സൽപ്രവൃത്തികളും ധർമ്മങ്ങളും കൊണ്ട് അവർക്ക് ആശ്വാസത്തിന്റെ തണൽ വിരിച്ചു. കണ്ണീരിനാൽ നിറം മങ്ങിയ മുഖത്ത് ചിരിയുടെ ശോഭ പരത്തി. ഒരുമയുടെ സംഗീതത്തിലൂടെ ഹൃദയം ആനന്ദപൂരിരമാക്കി.

അവൾ യോപ്പയിലെ പേടമാൻ ആയിരുന്നു. അതിവേഗം അവൾ ഓടിക്കൊണ്ടേയിരുന്നു. ആവശ്യക്കാരുടെ എണ്ണം പെരുകുമ്പോൾ തബീഥയ്ക്ക് നടന്നെത്തുവാൻ കഴിയില്ല ഓടി തന്നെ എത്തേണ്ടി വന്നു കാണും അതും പേടമാന്റെ വേഗത്തിൽ. തബീഥായുടെ ഓട്ടത്തിന്റെ വേഗം കൊണ്ടാവാം അവളെ പേടമാൻ എന്നു വിളിക്കാൻ കാരണം.

സ്വന്തം ജീവിതത്തിന് അർത്ഥമുണ്ടാകുന്നത് ചുറ്റുമുള്ളവരുടെ ജീവിതത്തിന് നല്ല മാറ്റമുണ്ടാകുമ്പോഴാണെന്ന തിരിച്ചറിവായിരിക്കും അവളെ വേഗത്തിലോടി തീർക്കാൻ പ്രേരിപ്പിച്ചത്. അവളുടെ ഓർമ്മകൾ അവശേഷിക്കാത്ത ഒരു വീടു പോലും ആ നാട്ടിൽ ഉണ്ടായിരുന്നു കാണില്ല.

അതിവേഗ ഓട്ടത്തിനിടയിൽ അവൾ വീണു പോയി. മരണത്തിന്റെ വഴിയിൽ അവൾ അമർന്നു. ജീവിതം അസ്തമിച്ചു. ഇനി അവൾക്ക് തന്റെ ജീവിതത്തിൽ ഒന്നും ചെയ്യാനില്ല.

പക്ഷെ, അപ്പോൾ മുതൽ മറ്റൊരത്ഭുതം പിറന്നു തുടങ്ങി. കഴിഞ്ഞ നിമിഷം വരെ അവൾക്ക് പിന്നിൽ നിന്നവർ മുന്നിലേക്കെത്തി തബീഥായെ വിട്ടു കളയുവാൻ മനസില്ലാത്തവർ, അവർ ഉണർന്നു പ്രവർത്തിച്ചു. പത്രൊസിനെ വരുത്തി.

പത്രൊസും കണ്ണീർ വാർത്തിട്ടുണ്ടാവും. സമൂഹത്തിലെ ഒറ്റപ്പെട്ടവരുടെ ഒരു കൂട്ടം വട്ടമിട്ടിരുന്ന് കരയുകയാണ്, തബീഥയുടെ നന്മകൾ എണ്ണി പറയുകയാണ്, അവൾ അവശേഷിപ്പിച്ച നന്മകൾ ഉയർത്തി അലമുറയിടുകയാണ്. ആ വിധവമാരുടെ കണ്ണീരു കണ്ട ദൈവത്തിന്റെ മനസലിഞ്ഞതു കൊണ്ട് തബീഥയേ എഴുന്നേല്കൂ – തബീഥാ കൂമി – എന്ന വാക്കിന്റെ മറവിൽ അവളിലേക്ക് ജീവന്റെ തുടിപ്പെത്തുന്നു.

നന്മയുടെ ജീവിതവുമായി ചുറ്റുവട്ടത്ത് ആശ്വാസമായി ഓടി നടക്കുമ്പോൾ അഭിനന്ദന പ്രവാഹമൊന്നും വേണ്ടവണ്ണം എത്തണമെന്നില്ല. ചിലപ്പോൾ ഒന്നും ചെയ്യാത്തവർ കുറ്റപത്രങ്ങൾ എതിരെ ഉയർത്തി കാണിച്ചു എന്നും വരാം.

നാം ഇടപെട്ട സമൂഹത്തിന്റെ ഹൃദയത്തിൽ ഒരിറ്റു സ്നേഹം തരുവാൻ കഴിയുന്നൊരു പ്രവൃത്തിയുടെ ബാക്കി പത്രം അവശേഷിപ്പിച്ചിട്ടുണ്ടെങ്കിൽ ആശ്വാസത്തോട് വീണ്ടും മുന്നോട്ടു തന്നെ പോവുക.

ആശങ്കയുടെ വർഷത്തിൽ ആരംഭിച്ച ദൗത്യങ്ങൾ ഓരോന്നും ഉത്തമമാണെന്ന ബോധ്യമുണ്ടെങ്കിൽ തളരാതെ ഓടുക, പേടമാൻ കണക്കെ ഓട്ടം തുടരുക. തളർന്നു വീഴുന്നതു വരെയും ഓട്ടം തുടരുക.

അശരണരിലേക്കും, ദരിദ്രരിലേക്കും, രോഗികളിലേക്കും, പീഢിതരിലേക്കും ഓടിയെത്തിയിരുന്നവന്റെ ദൗത്യത്തിന്റെ തുടർച്ച ചെയ്യുന്നവർക്ക് വഴി മാറി ഓടുവാൻ കഴിയില്ലല്ലോ.

വഴി മാറിയോടുന്നവരെ കണ്ട് പരിഭ്രമിക്കേണ്ട അതിവിരുതൻമാരായ അവരുടെ വഴി തെറ്റിപ്പോയി എന്ന തിരിച്ചറിവോടെ ശരിയായ വഴിയിലൂടെ പേടമാൻ കണക്കെ ഓടി തീർക്കുക. ഓട്ടത്തിന്റെ ഇടയിൽ വീണു പോയാൽ തബീഥാ കുമി എന്ന് വിളിച്ചെഴുന്നേല്പിക്കുവാൻ നമുക്കൊരു അരുമനാഥൻ ഉണ്ടല്ലോ. അതു മാത്രം മതി. തബീഥാ കുമി.......!





# ഐപിസി യുകെ ആൻഡ് അയർലൻഡ് റീജിയൺ വാർഷിക കൺവൻഷൻ സമാപിച്ചു

**കേംബ്രിഡ്ജ്:** 'ഇനി ഇതുപോലൊരു കൂടിച്ചേരലിന് ഒരു വർഷം കാത്തിരിക്കണമല്ലേ?' – ഐപിസി യുകെ ആൻഡ് അയർലൻഡ് റീജിയൺ വാർഷിക കൺവൻഷനിൽ പങ്കെടുത്തു പിരിയുമ്പോൾ എല്ലാവരും മനസിൽ പരസ്പരം ഉയർത്തിയ ചോദ്യം ആയിരുന്നിള്ളു. മൂന്നു നാൾ നീണ്ട ആത്മീയ സംഗമം നൽകിയ സ്നേഹ നൊമ്പരവും ആത്മീയ സന്തോഷവും ഏവരുടെയും ഹൃദയങ്ങളിൽ നിറഞ്ഞു നിന്നു. യുകെയിലെ മലയാളി വിശ്വാസികളുടെ ഏറ്റവും വലിയ കൂടിച്ചേരൽ എന്നു വിശേഷിപ്പിക്കാവുന്ന കൺവൻഷൻ കൂടിയാണ് കേംബ്രിഡ്ജിലെ കാംബോൺ വില്ലേജ് കോളജിൽ സമാപിച്ചത്. പ്രതിദിനം 3000ൽ അധികം ആളുകളാണ് ഫേസ്ബുക്ക്, യുട്യൂബ് തുടങ്ങി വിവിധ സമൂഹമാധ്യമങ്ങളിലൂടെ കൺവൻഷനിൽ പങ്കെടുത്തത്. ഏപ്രിൽ 11,12,13 തീയതികളിൽ നടന്ന കൺവൻഷൻ റീജിയൻ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോർജ് ഉദ്ഘാടനം ചെയ്തു.

വിശ്വാസികൾക്കിടയിൽ നിലവിൽ ഏറെ അംഗീകാരമുള്ള പ്രസംഗകൻ പാസ്റ്റർ ഷിബു തോമസ് മുഖ്യ പ്രഭാഷകനായി എത്തിയതും ആളുകളെ ആകർഷിച്ചു. ഐപിസി ജനറൽ സെക്രട്ടറി പാസ്റ്റർ ബേബി വർഗീസായിരുന്നു കൺവൻഷനിലെ മുഖ്യ അതിഥി. ആരോഗ്യനില വകവയ്ക്കാതെ എല്ലാ മീറ്റിങ്ങുകളിലും പങ്കെടുത്ത പാസ്റ്റർ ബാബു ജോൺ വേട്ടമലയുടെ പ്രസംഗവും വേറിട്ടതായി. സഹോദരിമാരുടെ വാർഷിക യോഗത്തിൽ സിസ്റ്റർ രേഷ്മ തോമസ് മികച്ച സന്ദേശം പങ്കുവച്ചു. സണ്ടേസ്കൂൾ, പിവൈപിഎ വാർഷിക യോഗവും സമ്മാനദാനവും ആത്മീയ സംഗമത്തിനു നിറം പകർന്നു. മൂന്നു രാത്രികളായി 30000 ൽ പരം ആളുകൾ സമൂഹമാധ്യമങ്ങളിലൂടെയും സംഗമത്തിൽ പങ്കാളികളായി.

# റൈറ്റേഴ്സ് ഫോറം ഡാളസ് ചാപ്റ്ററിന് പുതിയ നേതൃത്വം



**ഡാളസ്:** കേരള പെന്തെക്കോസ്തൽ റൈറ്റേഴ്സ് ഫോറം നോർത്ത് അമേരിക്ക ഡാളസ് ചാപ്റ്റർ പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. ഏപ്രിൽ 6 ന് മൗണ്ട് സീനായി ചർച്ച് ഓഫ് ഗോഡ് ഹാളിൽ പ്രസിഡന്റ് പാസ്റ്റർ തോമസ് മുല്ലക്കലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ജനറൽ ബോഡി യോഗത്തിൽ പുതിയ ഭാരവാഹികളായി ഷാജി മണിയാറ്റ് (പ്രസിഡണ്ട്), എസ്. പി. ജെയിംസ് (സെക്രട്ടറി), രാജു തരകൻ (ട്രഷറർ), വെസ്ലി മാത്യു (മീഡിയ കോർഡിനേറ്റർ) എന്നിവരെ തിരഞ്ഞെടുത്തു.

വർഗീസ് വർഗീസ്, തോമസ് ചെള്ളേത്ത്, സാം മാത്യു, പാസ്റ്റർ വിൽഫ്രഡ് ഡാർവിൻ, പാസ്റ്റർ തോമസ് മുല്ലക്കൽ എന്നിവരെ കമ്മിറ്റി അംഗങ്ങളായും തിരഞ്ഞെടുത്തു. വിപുലമായ പദ്ധതികളാണ് അടുത്ത പ്രവർത്തന വർഷത്തേയ്ക്ക് ആവിഷ്ക്കരിക്കാൻ തീരുമാനിച്ചിരിക്കുന്നതെന്ന് ഭാരവാഹികൾ അറിയിച്ചു.

വാർത്ത: വെസ്ലി മാത്യു



സ്വർഗിയധ്വനി കർണാടക സ്റ്റേറ്റ് കോർഡിനേറ്ററായി നിയമിതനായ **പാസ്റ്റർ റോയി ടി ഫിലിപ്പ്.** ഐപിസി ബാംഗളൂർ ഈസ്റ്റ് സെന്ററിലെ ഉദയനഗർ സഭാ ശുശ്രൂഷകനായ പാസ്റ്റർ റോയി പ്രഭാഷകനും എഴുത്തുകാരനുമാണ്. സ്വർഗിയധ്വനിയുടെ വരിസംഖ്യ, വാർത്തകൾ, പരസ്യങ്ങൾ എന്നിവ നൽകാൻ താത്പര്യമുള്ളവർ അദ്ദേഹവുമായി ബന്ധപ്പെടാവുന്നതാണ്. **ഫോൺ: 8888 612828**


Printed, Published, Owned and Edited by : Sheroy Joseph. Printed at Avanakulam Offset Press Karthigappally
Design & Typesetting Jyothis Graphics, Adoor. Managing Editor : Joy Thumpamon